# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ഏപ്രിൽ 11 | ദീപം 57 | നാളം 5 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ഒരു കണക്കിലും പെടാതെ കർഷകന്റെ കണ്ണീർ



ഡിജോ കാപ്പൻ



കേരളത്തിന്റെ പ്രധാന വരുമാനം എന്താണെന്നന്വേഷിച്ചാൽ ചെന്നെത്തുക വായ്പയെടുക്കുന്ന തുകയാണെന്ന ഉത്തരത്തിൽ എത്തിച്ചേരും. വരവറിയാതെ കടമെടുത്തു ചെലവഴിച്ചാൽ കുടുംബങ്ങളാണെങ്കിലും സ്ഥാപനങ്ങളാണെങ്കിലും സർക്കാരാണെങ്കിലും ചെന്നെത്തുക പടുകുഴിയിലേക്കായിരിക്കും. കടം വാങ്ങുന്ന തുകകൊണ്ട് ബിസിനസ് ചെയ്താൽ ലാഭം കിട്ടുന്ന പണത്തിൽ നിന്നു പലിശയും മുതലും തിരിച്ചടയ്ക്കാൻ കഴിയും. എന്നാൽ, വായ്പയെടുക്കുന്ന തുക മുഴുവൻ ശമ്പളത്തിനും പെൻഷനും പലിശയ്ക്കുമായി നീക്കിവച്ചാൽ തിരിച്ചടവ് എങ്ങനെ, ആരുനടത്തും എന്ന ചോദ്യത്തിനു ഭരണാധികാരികൾക്കു മറുപടിയില്ല. ഈ ബാധ്യത മുഴുവൻ അടുത്ത തലമുറയുടെ ചുമലിലേക്കു കൈമാറുന്നതു ശരിയാണോ?

1968 – 2023 കാലഘട്ടത്തിൽ നെല്ലിന്റെ വില വർധിച്ചത് 19 ഇരട്ടി. റബർവില കൂടിയത് 33 ഇരട്ടി. സ്വർണവില കൂടിയത് 50 ഇരട്ടി. ശമ്പളവർധനവിനായി ഉപയോഗിക്കുന്ന വിലക്കയറ്റത്തിന്റെ അളവുകോലായി പരിഗണിക്കപ്പെടുന്ന ഉപഭോക്തൃ വിലസൂചിക കൂടിയത് 7 ഇരട്ടിമാത്രം. സർക്കാർ ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ ശമ്പളസ്കെയിലെ കുറഞ്ഞ ശമ്പളം 1968–2023 കാലഘട്ടത്തിൽ വർധിച്ചത് 328 ഇരട്ടിയാണെങ്കിൽ (70 രൂപയിൽനിന്ന് 23000 രൂപയിലേക്ക്) കുറഞ്ഞ ശമ്പളസ്കെയിലിലെ കൂടിയ ശമ്പളം വർധിച്ചത് 436 ഇരട്ടിയാണ് (115 രൂപയിൽനിന്ന് 50200 രൂപയിലേക്ക്). എന്നാൽ, 1968 ൽ ഒരു കിലോ റബർ ഷീറ്റിന് 4.66 രൂപയുണ്ടായിരുന്നത് 2023 ൽ 157 രൂപയായി വർധിച്ചു (33 ഇരട്ടി). നെല്ലിന്റെ വില 1.40 രൂപയിൽനിന്ന് 28.20 രൂപയിലേക്ക് (19 ഇരട്ടി) വർധിച്ചു.

ബാങ്കിങ്മേഖലയിലെ 1989 മുതലുള്ള കണക്കുകൾ ലഭ്യമായതിനാൽ അതുവച്ചുള്ള പഠനമാണ് നടത്താൻ കഴിഞ്ഞത്. അക്കാലത്തെ സർക്കാർജീവനക്കാരന്റെ ശമ്പളം 750 രൂപയിൽനിന്ന് 23000 ആയി വർധിച്ചപ്പോൾ (30 ഇരട്ടി) ബാങ്കിങ് മേഖലയിലെ ഏറ്റവും കുറഞ്ഞ ശമ്പളം 815 ൽനിന്ന് 14500 ആയി (17 ഇരട്ടി) വർധിച്ചു. ഈ കണക്കുകൾ ആരിലും അസ്വസ്ഥതയുളവാക്കാൻ വേണ്ടിയല്ല; മറിച്ച്, സംസ്ഥാനത്തെ കർഷകരുടെ പരിതാപകരമായ അവസ്ഥ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള ശ്രമത്തിന്റെ ഭാഗമാണ്.

ഇടതുപക്ഷഭരണത്തിൽ എപ്പോഴും കൃഷി ഭക്ഷ്യ, റവന്യൂ വകുപ്പുകൾ ഭരിച്ചിരുന്നത് സിപിഐ ആയിരുന്നു. അടുത്ത കാലംവരെ വനംവകുപ്പും അവർക്കുതന്നെയായിരുന്നു. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും നിലവിലില്ലാതിരുന്ന 'പരിസ്ഥിതിലോലപ്രദേശനിയമം' കൊണ്ടുവന്ന് കർഷകരെ അവന്റെ ഭൂമിയിൽനിന്ന് ഒരു നഷ്ടപരിഹാരവും നൽകാതെ കുടിയൊഴിപ്പിച്ചത് ഈ വകുപ്പു ഭരിച്ചിരുന്ന മന്ത്രിമാർതന്നെയാണ്. കോഴിക്കോട് ജില്ലയിലെ നാദാപുരത്തെ മങ്കുട്ടി കണ്ണനെ 50 സെന്റ് ആധാരഭൂമിയിൽനിന്ന് ഇറക്കിവിട്ടതും 5.5 ഏക്കർ ഭൂമിയുടെ ഉടമയായ പാറയ്ക്കൽ തോമസിനെ കുടിയിറക്കിയതും ഇ എഫ്എൽ നിയമത്തിന്റെ പേരിലായിരുന്നു. ഈ കർഷകൻ ഇന്നു ഭൂരഹിതനായി മകന്റെ സംരക്ഷണത്തിൽ കഴിയുകയാണ്. ഇങ്ങനെ നൂറുകണക്കിനു കർഷകകുടുംബങ്ങൾ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലുണ്ട്.

കാലാകാലങ്ങളായി ഉത്പാദനച്ചെലവുപോലും ലഭിക്കാത്ത കർഷകർ വർഷാവർഷം കൃഷിയിറക്കുന്നതിനായി എടുത്ത വായ്പാഭാരം താങ്ങാനാവാതെ ആത്മഹത്യാവക്കിലെത്തി നിൽക്കുന്നു. കേരളത്തിലെ കർഷകരുടെ ആളോഹരി കടത്തെ സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ കണക്കുകൾ (നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷൻ സ്ഥിതിവിലയിരുത്തൽ സർവേ 2021, ദേശീയവായ്പ നിക്ഷേപതാരതമ്യസർവെ) പ്രകാരം കേരളത്തിലെ ഒരു കർഷകന്റെ ശരാശരി കടബാധ്യത 5.46 ലക്ഷം രൂപയാണ്. ദേശീയതലത്തിൽ ഇന്ന് 1.82 ലക്ഷം രൂപമാത്രം.

കർഷകർ കൈവശം വച്ചിരിക്കുന്നത് കയ്യേറ്റഭൂമിയാണെന്നാണ് പല കർഷകവിരുദ്ധസംഘടനകളുടെയും പ്രചാരണം. ഭൂമി എല്ലാം രാജാവിന്റേതായിരുന്നു. അവിടെ കൃഷി ചെയ്യാൻ ഭൂമി പാട്ടത്തിനു നൽകിവരുകയെന്നതായിരുന്നു രാജാക്കന്മാർചെയ്തിരുന്നത്. രാജാവിനു താത്പര്യം തോന്നുന്നവർക്ക് ചിലയവസരങ്ങളിൽ ഭൂമി പതിച്ചു നൽകുകയും ചെയ്തിരുന്നു. 1701 മുതൽ നാളിതുവരെ കയ്യേറിയ സർക്കാർഭൂമിയാണ് കേരളത്തിലെ മുഴുവൻ ജനങ്ങളും സ്വന്തം ഭൂമി എന്നു പറയുന്നത്. രാജഭരണത്തിനുശേഷം ജനാധിപത്യഭരണക്രമത്തിലും ഇങ്ങനെ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധകാലത്ത് നാട്ടിൽ ഭക്ഷ്യധാന്യലഭ്യത കുറഞ്ഞപ്പോൾ ഇടുക്കിയിലെ കാടുപിടിച്ചു കിടന്ന റവന്യൂഭൂമി പട്ടം താണുപിള്ള എന്ന മുഖ്യമന്ത്രി കർഷകർക്കു നൽകി. കപ്പ, നെല്ല് പോലെയുള്ള ഭക്ഷ്യോത്പന്നങ്ങൾ കൃഷി ചെയ്യാനുള്ള പണവും നൽകിയാണ് കർഷകരെ കുടിയേറ്റിയത്.

"ആദ്യം കയ്യേറുക പിന്നെ നിയമമാനുസൃതമാക്കുക" എന്ന 1701 മുതലുള്ള സ്ഥിരം പതിവിനെ ചോദ്യം ചെയ്യാതെ 1964 നു ശേഷമുള്ളതുമാത്രം നിയമാനുസൃതമല്ല എന്ന ഇരട്ടത്താപ്പ് ശരിയല്ല. കേരളത്തിലെ ഭൂവിസ്തൃതിയുടെ 54 ശതമാനം വനാവരണമാണ്. ദേശീയതലത്തിൽ ഇത് 24 ശതമാനം.

1972ലെവന്യജീവിസംരക്ഷണനിയമത്തിലെ 11(2) വകുപ്പുപ്രകാരം ജീവനു ഭീഷണിയാകുന്ന വന്യജീവികളെ കൊല്ലാൻ മനുഷ്യർക്കു നൽകിയിരിക്കുന്ന അധികാരമുപയോഗപ്പെടുത്തണം. വനാതിർത്തിയിൽ താമസിക്കുന്ന ജനങ്ങൾ ഓരോ ദിവസവും വളരെ ഭീതിയോടെയാണു കഴിയുന്നത്. ജല്ലിക്കെട്ടുവിഷയത്തിൽ കേന്ദ്രനിയമത്തിനു സമാന്തരമായി സംസ്ഥാനങ്ങൾ സ്വതന്ത്രനിയമനിർമാണം നടത്തണമെന്നതാണ് കർഷകർ ആവശ്യപ്പെടുന്നത്.

കേന്ദ്രപരിസ്ഥിതിവകുപ്പ് രണ്ടു വർഷം കൂടുമ്പോൾ പ്രസിദ്ധീകരിക്കുന്ന ഇന്ത്യൻ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിന്റെ 2021 ലെ റിപ്പോർട്ടിൽ കേരളത്തിലെ സർക്കാർ വനവിസ്തൃതി 9679 ചതുരശ്രകിലോമീറ്റർ രേഖപ്പെടുത്തുമ്പോൾ സംസ്ഥാനവനംവകുപ്പിന്റെ കണക്കിൽ അത് 11521.9 ചതുരശ്ര കിലോമീറ്ററാണ്. ഇതിൽ കയ്യേറ്റം എന്നത് 50 ചതുരശ്രകിലോമീറ്റർ (0.5 ശതമാനം) മാത്രമാണ്.

▶5

# വിദ്യാഭ്യാസത്തെ അനശ്വരദീപമായിക്കണ്ട ആത്മീയാചാര്യൻ

**പ്രമുഖ സഭാപണ്ഡിതനും ദാർശനികനും എഴുത്തുകാരനുമായിരുന്ന മാർ ജോസഫ് പവ്വത്തിലിന്റെ ഒന്നാം ചരമവാർഷിക വേളയിൽ (മാർച്ച് 18) അദ്ദേഹത്തിന്റെ വിദ്യാഭ്യാസദർശനത്തെയും സാമൂഹിക ഇടപെടലുകളെയും വിലയിരുത്തുന്നു.**



ഡോ. കുദ്രാസ് കുമ്പളക്കുഴി

ആധ്യാത്മികജീവിതത്തെയും ഭൗതികജീവിതത്തെയും ആനുപാതികമായി കൂട്ടിയിണക്കിക്കൊണ്ട് അജപാലനശുശ്രൂഷ നിർവഹിച്ച മഹാപുരുഷനാണ് മാർ ജോസഫ് പവ്വത്തിൽ. ആധ്യാത്മികകാര്യങ്ങളിൽ ഏതാണ്ടു യാഥാസ്ഥിതികമെന്നു വിശേഷിപ്പിക്കാവുന്ന കടുത്ത നിലപാടുകളുണ്ടായിരുന്ന അദ്ദേഹം ശരീരം പ്രാഥമികമായ ധർമോപകരണമാണ് (ശരീരമാദ്യം ഖലു ധർമസാധനം) എന്ന ഭാരതീയവീക്ഷണത്തെ ഒരിക്കലും നിരാകരിച്ചിരുന്നില്ല. വിദ്യാഭ്യാസ-സാമൂഹികമേഖലകളിലെ അദ്ദേഹത്തിന്റെ ഇടപെടലുകൾക്ക് ഈ സന്തുലിതവീക്ഷണത്തിന്റെ പിൻബലമാണുണ്ടായിരുന്നത്.

മാർ ജോസഫ് പവ്വത്തിലിന്റെ വിദ്യാഭ്യാസദർശനം ക്രൈസ്തവദർശനത്തിന്റെ ആധുനികമുഖമാണ് അവതരിപ്പിക്കുന്നത്. അദ്ദേഹം ഇങ്ങനെ വിശദീകരിക്കുന്നു: "കുറച്ചുപേരെ പഠിപ്പിച്ചെടുക്കുകമാത്രമല്ല സഭ ചെയ്യുന്നത്. വിശാലമായ സാമൂഹികപുരോഗതിയും നീതിപൂർവകമായ സാമൂഹികവ്യവസ്ഥിതിയും യാഥാർഥ്യമാകുന്നതിന് ആവശ്യമായ സേവനമാണു സഭ ചെയ്യുന്നത്."

നമ്മുടെ നാടിന് ഇന്നാവശ്യം മൂല്യാധിഷ്ഠിതവിദ്യാഭ്യാസമാണെന്ന് അദ്ദേഹം ഉറപ്പിച്ചുപറയുന്നു. ഇത്തരത്തിലുള്ള വിദ്യാഭ്യാസം നല്കാൻ കത്തോലിക്കാവിദ്യാലയങ്ങൾക്കാണു സാധിക്കുക എന്ന നിലപാടാണ് അദ്ദേഹത്തിനുള്ളത്. അതുകൊണ്ടാണ്, കത്തോലിക്കാമാതാപിതാക്കൾ കുട്ടികളെ കത്തോലിക്കാവിദ്യാലയങ്ങളിലേക്കയയ്ക്കാൻ ശ്രദ്ധിക്കണമെന്ന് അദ്ദേഹം ഉപദേശിച്ചത്. രാഷ്ട്രീയവും വർഗീയവുമായ ചേരിതിരിവുകൾക്കതീതമായി കത്തോലിക്കാവിദ്യാലയങ്ങൾ പ്രവർത്തിക്കണമെന്ന കാഴ്ചപ്പാടാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ഇത്തരം വിഭാഗീയതകളിൽനിന്നു വിമുക്തമായിരിക്കാൻ കേരളത്തിലെ പ്രത്യേകസാഹചര്യങ്ങളിൽ സർക്കാർവിദ്യാലയങ്ങൾക്കു സാധിക്കില്ല. അതുപോലെതന്നെ, മൂല്യാധിഷ്ഠിതവിദ്യാഭ്യാസപരിപാടി അവലംബിക്കാനും അത്തരം സ്ഥാപനങ്ങൾക്കു സാധിക്കാതെവരും. ഈ ആപത്തിൽനിന്നു സ്വന്തം കുട്ടികളെ സംരക്ഷിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണമെന്നേ പിതാവിന്റെ ഉപദേശം ഓർമിപ്പിച്ചുള്ളൂ. അല്ലാതെ, മതേതരത്വത്തിനു നിരക്കാത്തതോ സങ്കുചിതസാമുദായിക താത്പര്യം പ്രതിഫലിപ്പിക്കുന്നതോ ആയിരുന്നില്ല പിതാവിന്റെ നിലപാട്.

ഇവിടെനിന്ന് ഒരു പടികൂടി കടന്ന്, ഉന്നതവിദ്യാഭ്യാസം ക്രൈസ്തവമൂല്യങ്ങൾ ഉള്ളടങ്ങുന്നതാണെന്നു വ്യക്തമാക്കാനും അദ്ദേഹം ശ്രമിക്കുന്നുണ്ട്: "നമ്മുടെ വിദ്യാലയങ്ങൾ ഇന്നു മറ്റുള്ളവർക്കു പ്രചോദനവും അവഗണിക്കപ്പെട്ടവർക്ക് അഭയവുമായി നിലനില്ക്കണമെങ്കിൽ സുവിശേഷബോധ്യങ്ങളുടെ പശ്ചാത്തലം എന്നതിന് ഉന്നതമായ മാനവികമൂല്യങ്ങളുടെ പശ്ചാത്തലം എന്നേ അർഥമാക്കേണ്ടതുള്ളൂ. അങ്ങനെ വേണ്ട എന്ന് ആർക്കെങ്കിലും വാദിക്കാനാകുമോ?

ഉത്തമമായ ജീവിതദർശനം കുട്ടികൾക്കു പകർന്നുകൊടുക്കാൻ കഴിയാത്ത വിദ്യാഭ്യാസം പാഴ്വേലയാണെന്ന കാഴ്ചപ്പാടായിരുന്നു പവ്വത്തിൽപിതാവിനുണ്ടായിരുന്നത്. മാനവികമൂല്യങ്ങളെ അവഗണിക്കുകയും സഹജീവിസ്നേഹം നഷ്ടപ്പെടുത്തുകയും ചെയ്യുന്ന അന്തരീക്ഷം സമകാലികവിദ്യാഭ്യാസമേഖലയിലുണ്ടെന്ന് അദ്ദേഹം വളരെ വേദനയോടെ തിരിച്ചറിഞ്ഞു. അപകടകരമായ രാഷ്ട്രീയസ്വാധീനത്തിൽപ്പെട്ടു വളരുന്ന തലമുറയുടെ ചുവടുകൾ പിഴയ്ക്കുന്നതും അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചു. കായികമായി പരസ്പരം ഏറ്റുമുട്ടുകയും പലപ്പോഴും ജീവൻപോലും അപകടത്തിലാക്കുകയും ചെയ്യുന്ന കാമ്പസ്രാഷ്ട്രീയത്തിനെതിരേ അദ്ദേഹം എന്നും 'മാനിഷാദ' എന്നു നിലവിളിച്ചുകൊണ്ടിരിക്കുന്നു.

എവിടെ മതവിദ്യാഭ്യാസം നിഷേധിക്കപ്പെടുകയും മൂല്യാധിഷ്ഠിതവിദ്യാഭ്യാസം അവഗണിക്കപ്പെടുകയും ചെയ്യുന്നുവോ, അവിടെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങൾതന്നെ തകരുന്നുവെന്നായിരുന്നു മാർ പവ്വത്തിൽ ആവർത്തിച്ച് ഓർമിപ്പിച്ചിരുന്നത്. അങ്ങനെയുള്ള സാഹചര്യത്തെ മറികടക്കാൻ കത്തോലിക്കാവിദ്യാലയങ്ങളെമാത്രമല്ല, ഇതരസമുദായങ്ങളുടെ നേതൃത്തിലുള്ള വിദ്യാലയങ്ങളെയും ശക്തിപ്പെടുത്തണമെന്ന് അദ്ദേഹം വാദിച്ചിരുന്നു.



ഈ പശ്ചാത്തലത്തിലാണ്, മാർ ജോസഫ് പവ്വത്തിലിന്റെ ന്യൂനപക്ഷാവകാശസംരക്ഷണത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളെ വിലയിരുത്തേണ്ടത്. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 30(1) അനുവദിച്ചിരുന്ന വിദ്യാഭ്യാസസ്വാതന്ത്ര്യത്തെ കവർന്നെടുക്കാനുള്ള ഭരണകൂടങ്ങളുടെ കുത്സിതശ്രമങ്ങൾക്കെതിരേ എന്നും അദ്ദേഹം അരയും തലയും മുറുക്കി രംഗത്തുവന്നിട്ടുണ്ട്. നാടിന്റെ വിദ്യാഭ്യാസപുരോഗതിക്കും അതുവഴി സാമൂഹികസാമ്പത്തികവികസനത്തിനും ന്യൂനപക്ഷസ്ഥാപനങ്ങൾ നല്കിയിട്ടുള്ള ചരിത്രപരമായ സംഭാവനകളെ അഭിമാനപൂർവം ഉയർത്തിപ്പിടിക്കാൻ പിതാവ് എപ്പോഴും ബദ്ധശ്രദ്ധനായിരുന്നു.

ഈ വസ്തുത മുഖവിലയ്ക്കെടുക്കാതെ, സങ്കുചിതരാഷ്ട്രീയതാത്പര്യങ്ങൾ മുൻനിർത്തി കേരളത്തിലെ സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളെ പീഡിപ്പിക്കാനും വളഞ്ഞ വഴിയിലൂടെ അത്തരം സ്ഥാപനങ്ങൾ സർക്കാരിന്റെ പൂർണനിയന്ത്രണത്തിലാക്കാനും ഇവിടെ മാറിവന്ന ഭരണകൂടങ്ങൾ പലവിധശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതിനെതിരേ കേരളസഭ ധീരമായ ചെറുത്തുനില്പുകൾ നടത്തിയിട്ടുമുണ്ട്.

ഇത്തരത്തിലുള്ള ആദ്യസംഭവമായിരുന്നു, 1945 ൽ തിരുവിതാംകൂറിലെ പ്രൈമറി വിദ്യാലയങ്ങൾ ദേശസാത്കരിക്കാൻ ദിവാൻ സർ സി പി നടത്തിയ നിയമനിർമാണം. അതിനെതിരേ ചങ്ങനാശേരി മെത്രാൻ മാർ ജെയിംസ് കാളാശേരി സ്വീകരിച്ച ധീരമായ നിലപാടിൽ തട്ടി സർ സി പിയുടെ നീക്കം പരാജയപ്പെടുകയായിരുന്നു. പിന്നീട് 1955 ൽ മുഖ്യമന്ത്രി പനമ്പിള്ളി ഗോവിന്ദമേനോൻ അധ്യാപകർക്കു സർക്കാരിൽനിന്നു ശമ്പളം നല്കാമെന്ന പ്രലോഭനത്തിലൂടെ സ്വകാര്യവിദ്യാലയങ്ങൾ കൈക്കലാക്കാൻ നടത്തിയ ശ്രമവും അന്നത്തെ സഭാനേതൃത്വത്തിന്റെ ശക്തമായ എതിർപ്പിനു മുന്നിൽ പരാജയമടയുകയാണുണ്ടായത്.

ഇതിനു പിന്നാലെയാണ് സ്വകാര്യവിദ്യാലയങ്ങൾക്കെതിരേ ഭരണകൂടത്തിന്റെ, ചരിത്രത്തിലെ ഏറ്റവും വലിയ ആക്രമണമുണ്ടായത് - 1957 ലെ കമ്യൂണിസ്റ്റു മന്ത്രിസഭയുടെ കുപ്രസിദ്ധമായ വിദ്യാഭ്യാസബില്ല്. അതിനെതിരേ കേരളസഭ ജനാധിപത്യകക്ഷികളുടെ സഹകരണത്തോടെ രൂപം നല്കിയ വിമോചനസമരത്തിൽ മന്ത്രിസഭതന്നെ ഡിസ്മിസ് ചെയ്യപ്പെട്ടതും ചരിത്രം.

ഇത്രയും ചരിത്രസംഭവങ്ങളുടെ പാഠമുണ്ടായിരുന്നു മാർ ജോസഫ് പവ്വത്തിലിന്റെ മുന്നിൽ, 1972 ജനുവരിയിൽ അദ്ദേഹം ചങ്ങനാശേരി അതിരൂപതയുടെ സഹായമെത്രാനായി ചുമതലയേല്ക്കുമ്പോൾ. അന്നു കേരളത്തിലെ ഉന്നതവിദ്യാഭ്യാസമേഖലയിൽ ഒരു പ്രക്ഷോഭത്തിന്റെ ഇരമ്പൽ മുഴങ്ങിത്തുടങ്ങിയിരുന്നു. താമസിയാതെ അതു പൂർണതയോടെ പൊട്ടിപ്പുറപ്പെടുകതന്നെ ചെയ്തു. കോളജുവിദ്യാഭ്യാസസമരം. ഫീസ് ഏകീകരണത്തിന്റെയും അധ്യാപകാനധ്യാപകർക്കു നേരിട്ടു ശമ്പളം നല്കുന്നതിന്റെയും മറവിൽ സ്വകാര്യ കോളജുകൾ മുഴുവൻ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാനാണ് അന്നത്തെ ഗവൺമെന്റു ശ്രമിച്ചത്. അന്നത്തെ സ്വകാര്യ കോളജുകളിൽ ഭൂരിപക്ഷവും വിവിധ ക്രൈസ്തവമാനേജുമെന്റുകളുടേതായിരുന്നു.

ഗ്രാന്റു വർധിപ്പിച്ചുനല്കാതെയും നിയമനാധികാരം കൈവശപ്പെടുത്തിയും സ്വകാര്യമാനേജുമെന്റുകളെ സാമ്പത്തികപ്രതിസന്ധിയിലാക്കി സ്ഥാപനങ്ങൾ സ്വന്തമാക്കാനായിരുന്നു സർക്കാരിന്റെ ഹീനശ്രമം. സ്വാഭാവികമായിത്തന്നെ ഒരു വിദ്യാഭ്യാസപ്രക്ഷോഭം പൊട്ടിപ്പുറപ്പെട്ടു. സംസ്ഥാനഗവൺമെന്റും സ്വകാര്യമാനേജുമെന്റുകളും മുഖാമുഖം നിന്നു. പവ്വത്തിൽപിതാവിന് സ്വസ്ഥമായിരിക്കാനാവുമായിരുന്നില്ല. അതിരൂപതാധ്യക്ഷൻ മാർ ആന്റണി പടിയറയാവട്ടെ സമരപരിപാടികളുടെ നേതൃത്വം സഹായമെത്രാനെ ഏല്പിക്കുകയും ചെയ്തു. 1972 ജൂലൈ 16 ഞായറാഴ്ച ചങ്ങനാശേരി നഗരത്തിന്റെ വീഥികളിലൂടെ തിങ്ങിനിറഞ്ഞുനീങ്ങിയ പ്രതിഷേധജാഥയ്ക്കു നേതൃത്വം നല്കിക്കൊണ്ട് മാർ പവ്വത്തിൽ സമരരംഗത്തേക്കിറങ്ങി. സമാനമായി മറ്റു പല രൂപതകളിലും സഭാധ്യക്ഷന്മാർ പ്രക്ഷോഭജാഥകൾക്കു നേതൃത്വം നല്കി തെരുവിലിറങ്ങി. കേരളചരിത്രത്തിൽ രൂപതാധ്യക്ഷന്മാർ പ്രത്യക്ഷസമരത്തിനു നേതൃത്വം നല്കുന്ന ആദ്യസംഭവമായിരുന്നു അത്. രണ്ടു മാസത്തോളം നീണ്ടുനിന്ന സമരം സർക്കാരിന്റെ ഏകപക്ഷീയപരാജയത്തിലാണു കലാശിച്ചത്.

സഭയുടെ വിദ്യാഭ്യാസസ്വാതന്ത്ര്യത്തിനും വിശ്വാസികളുടെ വിദ്യാഭ്യാസാവശ്യങ്ങൾക്കും വേണ്ടിയുള്ള പോരാട്ടങ്ങൾ ഇതോടെ അവസാനിക്കുകയായിരുന്നില്ല. വീണ്ടും, കേരളത്തിന്റെ വിദ്യാഭ്യാസമേഖലയെ സംഘർഷഭരിതമാക്കിയ പ്രശ്നങ്ങളുടെ അരങ്ങേറ്റം 2001 ലായിരുന്നു. ഒരു പതിറ്റാണ്ടുകാലം നീണ്ടുനിന്ന സ്വാശ്രയവിദ്യാഭ്യാസസമരങ്ങളുടെ തുടക്കമായിരുന്നു അത്. ഇത്തവണത്തേതു ജനകീയപ്രക്ഷോഭമായിരുന്നില്ല; മറിച്ച്, നിയമപോരാട്ടമായിരുന്നു.

(ശേഷം 12-ാം പേജിൽ)

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



ജ്ഞാനം സമ്പാദിക്കുകയാണ് സർവപ്രധാനം.
എന്തു ത്യജിച്ചും ജ്ഞാനം സമ്പാദിക്കുക.
സുഭാഷിതങ്ങൾ 4:7

**എഡിറ്റോറിയൽ**

# നിറത്തിന്റെ പേരിലോ ഇത്ര നെറികേട്?

**സൗ**ന്ദര്യം വെളുപ്പുമായി ഒരുടമ്പടിയിലും ഒപ്പുവച്ചിട്ടില്ല എന്നു കുറിച്ചത് പ്രശസ്ത എഴുത്തുകാരൻ കല്പറ്റ നാരായണനാണ്. കലയ്ക്കു നിറമില്ലെന്നു മാത്രമല്ല, അതിർത്തികളോ വേർതിരിവുകളോ ഇല്ലെന്ന് പത്തുവട്ടം നമ്മുടെ മനസ്സിനെ പറഞ്ഞു പരുവപ്പെടുത്തേണ്ട കാലമാണിതെന്നു തോന്നിപ്പോകുന്നു.

'വെളുപ്പു സുന്ദരമാണ്, കറുപ്പു വൃത്തികെട്ടതും മോശവുമാണ്.' കോടിക്കണക്കിന് ഇന്ത്യാക്കാരുടെ മനസ്സിലുള്ളതും മിണ്ടാൻ മടിച്ചതുമായ ഒരു കാര്യം കലാമണ്ഡലം സത്യഭാമ തുറന്നു പറഞ്ഞെന്നല്ലേയുള്ളൂ എന്ന് ലളിതഭാഷയിൽ പറഞ്ഞവസാനിപ്പിക്കുന്നവരുടെമുമ്പിൽ, ഉള്ളുപൊള്ളിത്തേങ്ങിയത് കലാഹൃദയമുള്ള കുറെയേറെ പച്ചമനുഷ്യരാണ്. മോഹിനിയാട്ടത്തിന്റെ അഴകിനെച്ചൊല്ലിയാണ് വിവാദം ഉറഞ്ഞുതുള്ളിയത്.

അനുഗൃഹീതനർത്തകനായ ആർ.എൽ.വി. രാമകൃഷ്ണനെ ഉദ്ദേശിച്ച് ഒരു യൂട്യൂബ് ചാനലിൽ സത്യഭാമ നടത്തിയ അഭിപ്രായപ്രകടമായിരുന്നു അക്ഷരാർഥത്തിൽ സാംസ്കാരികകേരളത്തെ ഞെട്ടിച്ചത്. വർണത്തിന്റെയും ലിംഗത്തിന്റെയും പരിധികളിൽ മോഹിനിയാട്ടമെന്ന കലയെ തളച്ചിട്ട സത്യഭാമയിൽനിന്നു കേരളം കേട്ടത് ഒരു മനുഷ്യനും ഒരു കാലത്തും പറയാനും കേൾക്കാനും കൊള്ളാത്തത്ര ദുഷിച്ച വർത്തമാനമാണ്. കേരളം വെറുത്തുതള്ളിയ ആ വിഷം പുരണ്ട വാക്കുകൾ കടമെടുത്തുപയോഗിക്കാൻ ലജ്ജിക്കുന്നതുകൊണ്ട് ഇവിടെ വീണ്ടും പരാമർശിക്കാൻ ഉദ്ദേശിക്കുന്നില്ല.

നർത്തകിയുടെ വിവാദപരാമർശങ്ങൾ കലാകേരളത്തിന്റെ നിറമാണു കെടുത്തിയത്. ഇരുണ്ട നിറത്തോടുള്ള അവജ്ഞയുടെ വേരുകൾ ചെന്നെത്തുന്നത് ജാത്യഭിമാനത്തിലേക്കാണെന്നു മനസ്സിലാക്കാനും അധികബുദ്ധിയൊന്നും വേണ്ട. കറുത്തവനായതിന്റെയും ആണായിപ്പിറന്നതിന്റെയും പേരിലുള്ള ക്രൂരമായ അവഹേളനം ഒരു വ്യക്തിയുടെ മാത്രമല്ല, അനേകരുടെ സ്വത്വബോധത്തെയാണു കീറിമുറിച്ചതെന്നോർക്കണം. കലാകാരനെന്നല്ല, ഏതു മനുഷ്യനായാലും അയാളെ ആക്ഷേപിക്കാൻ നിറം, ശരീരം എന്നിവയൊക്കെ ഉപയോഗിക്കുന്നതിനെ പ്രാകൃതമെന്നല്ലാതെ മറ്റെന്താണു പറയേണ്ടത്?

മോഹിനിയാട്ടം പുരുഷന്മാർക്കു കളിക്കാമോ എന്ന സമീപകാലവിവാദങ്ങൾക്കു തിരശ്ശീലവീണത്, കലാമണ്ഡലം ഭരണസമിതി കാലാനുസൃതമായി എടുത്ത മഹനീയമായ തീരുമാനത്തിലൂടെയാണ്. അതായത്, അടുത്ത അധ്യയനവർഷംമുതൽ എല്ലാ കലാവിഷയങ്ങളിലും ലിംഗഭേദമില്ലാതെ പ്രവേശനം അനുവദിച്ചിരിക്കുന്നു. ഈ തീരുമാനത്തിനു മുൻകൈയെടുത്ത കലാമണ്ഡലം ചാൻസലർ കൂടിയായ വിശ്രുത നർത്തകി മല്ലികാ സാരാഭായ് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

കലയ്ക്കു നിറമില്ല, മാനവികതയ്ക്കും. എല്ലാത്തരത്തിലുമുള്ള വിവേചനങ്ങളെയും അലിയിച്ചില്ലാതാക്കുന്ന അതിവിശുദ്ധലോകമാണ് കലയുടേത്. മതവും ജാതിയും നിറവും വംശവും ലിംഗഭേദങ്ങളുമൊന്നും കലോപാസകരുടെ മുമ്പിൽ തടസ്സമാകാൻ പാടില്ല. മാത്രമല്ല, സങ്കുചിതത്വത്തിന്റെ പേരിൽ ഒരാൾക്കും അവസരം നിഷേധിക്കുന്ന സാഹചര്യവും ഉണ്ടായിക്കൂടാ. തുല്യതയെന്ന ആശയത്തിനു മനുഷ്യൻ അർഥവും മൂല്യവും കണ്ടെത്തി മുന്നേറുമ്പോൾ ഇടുങ്ങിയ കാഴ്ചപ്പാടുകളെല്ലാം കബറടക്കേണ്ട കാലംകൂടിയാണിത്.

ആഫ്രിക്കൻരാജ്യമായ ഐവറി കോസ്റ്റിൽനിന്നുള്ള ഫുട്ബോൾ താരത്തെ മലപ്പുറം അരീക്കോട്ട് ജനക്കൂട്ടം വംശീയമായി അധിക്ഷേപിക്കുകയും ആക്രമിക്കുകയും ചെയ്തത് ഇക്കഴിഞ്ഞമാസമാണ്. അട്ടപ്പാടിയിലെ മധുവും വയനാട്ടിലെ വിശ്വനാഥനും മറ്റും ആൾക്കൂട്ടാക്രമണത്തിനിരയായത് അവർ ആദിവാസിസമൂഹത്തിൽപ്പെട്ടവരും കറുത്തനിറമുള്ളവരുമായതുകൊണ്ടാണ്. ഇന്ത്യയുടെ രാഷ്ട്രപതിക്കസേരയിൽ ആദിവാസിഗോത്രവിഭാഗത്തിൽപ്പെട്ട ദ്രൗപദി മുർമുവിനെ അവരോധിക്കാനുള്ള വിശാലമനസ്സ് ഇന്ത്യയ്ക്കു കൈവന്നതിനെ ശ്ലാഘിച്ചുകൊണ്ടുതന്നെ ചോദിക്കട്ടെ; വർണവർഗവിവേചനങ്ങൾക്കെതിരേ തുറന്നുപോരാടാനുള്ള വിദ്യാഭ്യാസവും സാംസ്കാരികാഭിവൃദ്ധിയും ഓരോ ഇന്ത്യക്കാരനും മലയാളിക്കും ഇനിയെന്നാണുണ്ടാകുന്നത്? ദൈവച്ഛായയിലും സാദൃശ്യത്തിലും പിറന്ന മനുഷ്യന് ജാതീയവും വംശീയവുമായ നിറച്ചാർത്തു കലർത്തി വിഭാഗീയതകളിൽ അവനെ 'പോറ്റിവളർത്തുന്ന' സാംസ്കാരിക നിർമിതിക്ക് ഇനി എന്നാണ് അന്ത്യമുണ്ടാകുന്നത്?

# ഒരു കണക്കിലും പെടാതെ കർഷകന്റെ കണ്ണീർ

*1-ാം പേജ് തുടർച്ച*

ഇത്തരത്തിലുള്ള ആക്ഷേപങ്ങളൊക്കെ കേട്ടശേഷവും കർഷകൻ ഇവിടത്തെ ജനങ്ങളെ തീറ്റിപ്പോറ്റാനുള്ള ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കാനുള്ള പരിശ്രമത്തിലാണ്. നെൽക്കൃഷി ആദായകരമാകണമെങ്കിൽ ഉത്പാദനച്ചെലവിനെക്കാൾ കൂടിയ താങ്ങുവില പ്രഖ്യാപിച്ച് അതു സംഭരിക്കണം. അതിനുപകരം കേന്ദ്രത്തെ കുറ്റംപറഞ്ഞ് ഒഴിഞ്ഞുമാറുകയാണ്. 2024-25 വർഷത്തേക്കുള്ള സംസ്ഥാനബജറ്റിലെ വാർഷികച്ചെലവ് 255386 കോടി രൂപയാണ്. കേരളത്തിലെ മൊത്തം നെല്ലുത്പാദനം 592684 മെട്രിക് ടണ്ണാണ്. 28.20 രൂപ നിരക്കിൽ നെല്ലുവാങ്ങാൻ സംസ്ഥാനം ചെലവാക്കേണ്ടത് 1671 കോടി രൂപ. നെല്ല് അരിയാക്കി വിറ്റ് ഒരു മാസത്തിനുള്ളിൽ പണം ഖജനാവിലെത്തും. 1671 കോടി രൂപയ്ക്ക് 8 ശതമാനം പലിശവച്ചു കണക്കാക്കിയാൽ പതിനൊന്നു കോടി രൂപമാത്രമാണ് ചെലവഴിക്കേണ്ടിവരുക.

കാർഷികവിളകളിൽനിന്ന് ഏറ്റവും കൂടുതൽ സംസ്ഥാനവരുമാനം നേടിത്തരുന്ന റബർക്കൃഷി സംസ്ഥാനത്തിനുള്ളിൽത്തന്നെ അവഗണിക്കപ്പെടുകയാണ്. റബറിന്റെ ഇറക്കുമതിച്ചുങ്കം കർഷകന്റെ വിയർപ്പിന്റെ വിലയാണ്. കഴിഞ്ഞ അഞ്ചുവർഷത്തിൽ 8985 കോടി രൂപയാണ് റബർ ഇറക്കുമതിച്ചുങ്കത്തിലൂടെ കേന്ദ്രസർക്കാരിനു ലഭിച്ച വരുമാനം. ഇതിന്റെ 6738 കോടി രൂപ (75 ശതമാനം) കേരളത്തിലെ റബർ കർഷകർക്ക് അവകാശപ്പെട്ടതാണ്. 2016 നു ശേഷം റബർ കർഷക ഉത്തേജനപദ്ധതിക്കായി 3000 കോടി രൂപയാണ് ഇടതു സർക്കാർ ബജറ്റിൽ നീക്കിവച്ചതെങ്കിലും നാളിതുവരെ വിതരണം ചെയ്തത് 1989 കോടി രൂപ മാത്രം.

എല്ലാത്തരം കർഷകരെയും ജന്മിമാരായാണ് ഇടതുപക്ഷം കണക്കാക്കിപ്പോരുന്നത്. ഇവിടെ 25000 മുതൽ രണ്ടരലക്ഷംവരെ പ്രതിമാസശമ്പളം പറ്റുന്നവർ തൊഴിലാളിയും പ്രതിവർഷം 10000 രൂപ വരുമാനം കിട്ടുന്ന കർഷകൻ ജന്മിയുമാണ്. ഈ കാഴ്ചപ്പാടാണ് കേരളസമൂഹത്തിന്റെയും കർഷകന്റെയും ദുര്യോഗം.

കൃഷിക്കാർക്കുവേണ്ടി കേരളബജറ്റിൽ 402 കോടി നീക്കിവച്ചപ്പോൾ ശമ്പളത്തിനായി 40051 കോടി രൂപയാണ് വകകൊള്ളിച്ചത്. ഇവർക്കു ശമ്പളം നൽകാനായി ഇന്ത്യയിൽ ഒരു സംസ്ഥാനത്തുമില്ലാത്ത നികുതിയാണ് കേരളത്തിൽ ഈടാക്കുന്നത്. ഇന്ത്യയിലെ ആളോഹരി ആവറേജ് നികുതി 13022 രൂപ ആയിരിക്കുമ്പോൾ കേരളത്തിൽ അത് 20795 രൂപയാണ്. ബംഗാളിൽ 8047 രൂപയും യുപിയിൽ 9458 രൂപയും മാത്രമാണ്.

റവന്യൂച്ചെലവ് കുറയ്ക്കാതെ കേരളത്തിനു മുമ്പോട്ടുപോകാൻ കഴിയില്ല. 2016 ൽ പിണറായി സർക്കാർ അധികാരത്തിലെത്തുമ്പോൾ സംസ്ഥാനത്തിന്റെ കടം 160638 കോടി രൂപയായിരുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ആളോഹരി കടം 45897 രൂപ. 2024-25 സാമ്പത്തികവർഷത്തെ കടം കണക്കാക്കിയിരിക്കുന്നത് 507435 കോടിയാകുമെന്നാണ്. ഓരോ മലയാളിയുടെയും കടം 143749 രൂപയായി വർധിച്ചു. ഇത്രയും ബാധ്യത ഓരോ മലയാളിക്കും വച്ചുനീട്ടിയശേഷം വീണ്ടും കടമെടുക്കാൻ അനുവദിക്കണമെന്ന ആവശ്യവുമായി സർക്കാർ സുപ്രീം കോടതിയെ സമീപിച്ചെങ്കിലും ഹർജി ഭരണഘടനാബെഞ്ചിനു വിടുകയാണുണ്ടായത്. സാമ്പത്തികസ്വയംഭരണാവകാശത്തിൽ കേന്ദ്രം ഇടപെടുന്നത് തടയണമെന്നതാണ് സംസ്ഥാനത്തിന്റെ പ്രധാന ആവശ്യം. സംസ്ഥാനം എടുക്കുന്ന കടം തിരിച്ചടച്ചില്ലെങ്കിൽ അതിന്റെ ബാധ്യത കേന്ദ്രസർക്കാരിനാണെന്നും 2014 ൽ കൊച്ചി മെട്രോറെയിലിനായെടുത്ത വായ്പയുടെ കുടിശ്ശിക ഒഴിവാക്കാൻ കേന്ദ്രമാണു പണം അടച്ചതെന്നുമാണ് കൂടുതൽ കടം എടുക്കുന്നതിനെ എതിർക്കുന്നവരുടെ വാദം. ചില വിദേശരാജ്യങ്ങളിലെ സംസ്ഥാനങ്ങൾ വരുത്തിവച്ച സാമ്പത്തുകബാധ്യത ആ രാജ്യത്തെത്തന്നെ കടക്കെണിയിലാക്കിയെന്നും പറയപ്പെടുന്നു. 1980-90 കളിൽ ബ്രസീലിലും 1991 ൽ അർജന്റീനയിലും 1995 ൽ മെക്സിക്കോയിലും 1998 ൽ റഷ്യയിലുമുണ്ടായ സാമ്പത്തികപ്രതിസന്ധിക്കു കാരണം ആ രാജ്യങ്ങളിലെ ഓരോ സംസ്ഥാനവും വരുത്തിവച്ച കടക്കെണിയാണ്. അതുകൊണ്ട് കേരളം ഉണ്ടാക്കുന്ന കടം ഇന്ത്യയുടെ സാമ്പത്തികസ്ഥിതിയെപ്പോലും ബാധിക്കുമെന്നാണ് കേന്ദ്രസർക്കാരിനെ പിന്തുണയ്ക്കുന്നവരുടെ നിലപാട്.



വരുമാനം കുറയുമ്പോൾ ചെലവു കുറയ്ക്കുക എന്നതാണ് ഏകമാർഗം. സംസ്ഥാനസർക്കാരിന്റെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ 25000 രൂപയായി നിശ്ചയിച്ചാൽ നിലവിലെ പെൻഷൻചെലവിൽനിന്ന് 12859 കോടി രൂപ മിച്ചം വയ്ക്കാനാവുമെന്നും ഈ പണം ഉപയോഗിച്ച് 10 ലക്ഷം ചെറുകിടനാമമാത്രകർഷകരടക്കം കേരളത്തിൽ പുതുതായി 214367 ദരിദ്രകുടുംബങ്ങൾക്ക് പ്രതിമാസം 5000 രൂപ പെൻഷൻ നൽകാനുമാകുമെന്നുമാണു കണക്കാക്കപ്പെടുന്നത്. ഭൂപരിഷ്കരണനിയമംപോലെ ഒരു 'പെൻഷൻ പരിമിതപ്പെടുത്തൽ നിയമം' കേരളത്തിന്റെ ഭാവിക്കാവശ്യമാണ്.

കേരളത്തിന്റെ ഇന്നത്തെ സാമ്പത്തികപ്രതിസന്ധിയുടെ പ്രധാനകാരണം കഴിഞ്ഞ ശമ്പളപരിഷ്കരണംതന്നെ. ഉദ്യോഗസ്ഥർക്കു ശമ്പളം കൂട്ടിക്കൊടുക്കുന്നത് എതിർത്താൽ തിരഞ്ഞെടുപ്പിൽ കിട്ടാവുന്ന ഏതാനും വോട്ടുകൾ നഷ്ടപ്പെടുമോ എന്നു ഭയന്ന് പ്രതിപക്ഷവും വർധനവിനെ എതിർക്കില്ല. നമ്മുടെ അയൽസംസ്ഥാനങ്ങളായ തമിഴ്നാടും കർണാടകയും എങ്ങനെയാണ് ശമ്പളപരിഷ്കരണം നടപ്പിലാക്കിയതെന്നു നോക്കാം. 2016 ൽ ശമ്പളപരിഷ്കരണം നടത്തിയ തമിഴ്നാട് അതിന് പ്രാബല്യം നൽകിയത് 2017 മുതൽ. 2017 ൽ ശമ്പളപരിഷ്കരണം നടത്തിയ കർണാടകം അതു പ്രാബല്യത്തിൽ വരുത്തിയത് 2018 ൽ. കേരളത്തിൽ 2021 ലെ പരിഷ്കരണത്തിന് 2019 മുതലുള്ള മുൻകാലപ്രാബല്യം നൽകിയതുമൂലം ഖജനാവിന് ഉണ്ടായ നഷ്ടം 89278 കോടി രൂപ.



ഡോ. ജസ്റ്റിൻ തോമസ്

# വേർപാടിനെ ഭയക്കുന്ന ഡാർവിൻ

കൗൺസലിങ് കോർണർ



തന്റെ മാതാപിതാക്കളെ പിരിഞ്ഞിരിക്കാൻ വിമുഖത കാണിക്കുന്ന ഡാർവിൻ എന്ന പന്ത്രണ്ടുവയസ്സുകാരൻ കരഞ്ഞുപറഞ്ഞത് 'എനിക്കു സ്കൂളിൽ പോകേണ്ട' എന്നാണ്. സ്കൂളിൽ പോകാതിരിക്കാൻ അവൻ വയറുവേദന അഭിനയിക്കുന്നു. മാതാപിതാക്കളുടെ പ്രധാന ആക്ഷേപം അതാണ്. വയറുവേദനയുടെ കാരണമന്വേഷിച്ചലഞ്ഞ ആശുപത്രികൾ അനവധിയാണുതാനും. ഈ കുടുംബത്തോടു സംസാരിച്ചപ്പോൾ മനസ്സിലായ കാര്യം ഡാർവിൻ ഈ പ്രശ്നം ആദ്യമായി പറയുന്നത്, അവന്റെ വല്യമ്മ മരിച്ചതിനുശേഷമാണ്. വല്യമ്മച്ചിയെ അവന് ഒത്തിരി ഇഷ്ടമായിരുന്നു. അവരുടെ മരണം അപ്രതീക്ഷിതമായിരുന്നുതാനും. അതുൾക്കൊള്ളാൻ അവനായില്ല. മരണാനന്തരച്ചടങ്ങുകൾക്കു ശേഷം സ്കൂളിൽ പോകാൻ ഡാർവിൻ മടി കാണിച്ചുതുടങ്ങി. നിർബന്ധിച്ചു സ്കൂളിൽ വിടാൻ അപ്പനും അമ്മയും ശ്രമിച്ചപ്പോൾ വയറുവേദനയാണ് എന്ന് അവൻ പറഞ്ഞു.

വല്യമ്മച്ചിയുടെ മരണശേഷം മൂന്നു മാസം കഴിഞ്ഞാണ് ഡാർവിനും അവന്റെ കുടുംബാംഗങ്ങളും എന്റെയടുക്കൽ എത്തുന്നത്. ഈ കുട്ടി അഭിമുഖീകരിച്ച പ്രശ്നം 'സെപ്പറേഷൻ ആങ്സൈറ്റി' (Separation Anxiety) എന്ന ഉത്കണ്ഠാവസ്ഥയാണ്. അമേരിക്കൻ ഗായികയായ ബില്ലി ഐലിഷ്, അവർ ചെറുപ്പകാലത്ത് അനുഭവിച്ച സെപ്പറേഷൻ ആങ്സൈറ്റിയെക്കുറിച്ചു പറഞ്ഞത് ഓർമവരുന്നു. മാതാപിതാക്കൾ അടുത്തില്ലാതെ ഉറങ്ങാൻ കഴിയാതിരുന്ന അവരുടെ ചെറുപ്പകാലത്തെ അവസ്ഥ ദയനീയമായിരുന്നു. ഈ മാനസിക പ്രശ്നം തുടക്കത്തിൽത്തന്നെ ശരിയായ കൗൺസലിങ്ങിലൂടെ മാറ്റിയില്ലായെങ്കിൽ സങ്കീർണമായ അവസ്ഥയിലേക്കു മാറാം. ഈ ഉത്കണ്ഠ രോഗാവസ്ഥയിലേക്കു മാറിയാൽ പാനിക് അറ്റാക്, ഡിപ്രഷൻ, ഒ.സി.ഡി. തുടങ്ങിയ മാനസികരോഗങ്ങളും വ്യക്തിയിൽ പ്രത്യക്ഷപ്പെടാം.

**എന്താണ് വേർപിരിയൽ ഉത്കണ്ഠ?**

തനിക്കു വൈകാരിക അടുപ്പമുള്ള വ്യക്തികളിൽനിന്നു വേർപിരിയേണ്ടിവരുമോ എന്ന ഉത്കണ്ഠയാണിത്. സാധാരണമായി കുട്ടികളിൽ കണ്ടുവരുന്ന ഈ പ്രശ്നം മുതിർന്നവരിലും പ്രായം ചെന്നവരിലും കാണാറുണ്ട്. ഈയൊരു മാനസികപ്രശ്നത്തിന്റെ പൊതുവായ ലക്ഷണങ്ങൾ താഴെ സൂചിപ്പിക്കുന്നു:

- മാതാപിതാക്കളിൽനിന്നും താൻ സ്നേഹിക്കുന്ന വ്യക്തികളിൽനിന്നും അകന്നുനിൽക്കാൻ പറ്റാതെ വരുന്നു.
- ഇത്തരം വ്യക്തികളിൽനിന്ന് അകന്നുനിൽക്കുമ്പോൾ ശാരീരികാസ്വസ്ഥത അനുഭവപ്പെടുന്നു.
- ഇങ്ങനെ അകന്നു നിൽക്കേണ്ടിവരുമ്പോഴോ അത്തരം ചിന്തകൾ ഉണ്ടാകുമ്പോഴോ ഉറങ്ങാൻ കഴിയാതെ വരുക.
- ഉറ്റവർക്ക് അപകടമോ ആപത്തോ ഉണ്ടാകുമെന്ന ചിന്തയും ഈ ചിന്തമൂലം അസ്വസ്ഥതയും ഉടലെടുക്കാം.
- സ്കൂൾ, ഓഫീസ് തുടങ്ങി അനുദിന ജീവിതത്തിൽ എത്തേണ്ട സ്ഥലങ്ങളിലേക്കു പോകാൻ കഴിയാതെവരിക.
- ഉറ്റവരിൽനിന്നകന്നുനിൽക്കാതിരിക്കാൻ പല ശാരീരികരോഗങ്ങളും ഉള്ളതായി പറയുകയും അതിനു ചികിത്സ വേണമെന്നാവശ്യപ്പെടുകയും ചെയ്യുക.
- ഉറ്റവർ യാത്രപോകുന്ന സമയങ്ങളിൽ ആ യാത്ര തന്ത്രപരമായി മുടക്കാൻ ശ്രമിക്കുക.
- അമിതമായ മാനസികപിരിമുറുക്കം അനുഭവിക്കുക. ചില സന്ദർഭങ്ങളിൽ ഇത്തരക്കാർ ഡിപ്രഷന്റെ ലക്ഷണങ്ങളും കാണിക്കാം.
- ഉറ്റവർ അകന്നുനിൽക്കുമ്പോൾ തുടർച്ചയായി ഫോൺവിളിക്കുക, മെസേജുകൾ അയയ്ക്കുക തുടങ്ങിയ പ്രവണതകൾ കാണിക്കുക.

മേൽസൂചിപ്പിച്ച ലക്ഷണങ്ങൾ കുട്ടികളിലും മുതിർന്നവരിലും സെപ്പറേഷൻ ആങ്സൈറ്റി മൂലമുണ്ടാകുന്ന പൊതുലക്ഷണങ്ങളാണ്. ഇതു ദീർഘകാലം നീണ്ടുനിന്നാൽ (നാലാഴ്ചയിലധികം) 'സെപ്പറേഷൻ ആങ്സൈറ്റി ഡിസോർഡർ (എസ്.എ.ഡി.) എന്ന അവസ്ഥയിലേക്കെത്താം.

കൊച്ചുകുട്ടികളിൽ കാണുന്ന സെപ്പറേഷൻ ആങ്സൈറ്റിയെ വളർച്ചാഘട്ടത്തിന്റെ ഭാഗമായി എടുത്താൽമതിയെന്നതാണ് വിദഗ്ധാഭിപ്രായം. ചില കുട്ടികളിൽ ഇത് ഒൻപതാംമാസംമുതൽ അനുഭവപ്പെട്ട് മൂന്നു വയസ്സോടുകൂടി അപ്രത്യക്ഷമാവാം. മറ്റു ചില സാഹചര്യങ്ങളിൽ പ്രീസ്കൂളിൽ കുട്ടികൾ പോയിത്തുടങ്ങുമ്പോഴാവാം ഈ പ്രശ്നം ഉടലെടുക്കുക. ഇതും ഏതാനും ആഴ്ചകൾക്കുള്ളിൽ പ്രസ്തുത അവസ്ഥയുടെ തീവ്രത നോക്കി രോഗനിർണയം നടത്തുന്നതായിരിക്കും അഭികാമ്യം.

**സെപ്പറേഷൻ ആങ്സൈറ്റിയും ചില കാരണങ്ങളും**

മുകളിൽ സൂചിപ്പിച്ച ഡാർവിൻ സെപ്പറേഷൻ ആങ്സൈറ്റിയുടെ ലക്ഷണങ്ങൾ കാട്ടിത്തുടങ്ങിയത്, അവന്റെ വല്യമ്മച്ചിയുടെ മരണത്തോടെയാണ്. ഇത്തരത്തിലുള്ള അപ്രതീക്ഷിതസംഭവങ്ങൾ വ്യക്തികളിൽ കോർട്ടിസോൾ, അഡ്രിനാലിൻ തുടങ്ങിയ ഹോർമോണുകളുടെ വ്യത്യസ്ത അളവിലുള്ള ഉത്പാദനത്തിനിടയാക്കുകയും അത് സെപ്പറേഷൻ ആങ്സൈറ്റിയിലേക്കു നയിക്കുകയും ചെയ്യാം. ഇതായിരുന്നു ഡാർവിനിൽ സംഭവിച്ചതും. തന്റെ വല്യമ്മച്ചിയുടെ മരണവുമായി ബന്ധപ്പെട്ട ചിന്തകളും ഓർമകളും കൗൺസലിങ്ങിലൂടെ മാറ്റപ്പെട്ടപ്പോൾ ഡാർവിനിലെ ഉത്കണ്ഠ ഇല്ലാതാവുകയും സെപ്പറേഷൻ ആങ്സൈറ്റിയിൽനിന്നു പുറത്തുകടക്കുകയും ചെയ്തു.

പൊതുവായി, കുട്ടികളിലും മുതിർന്നവരിലും ഉണ്ടാകാവുന്ന സെപ്പറേഷൻ ആങ്സൈറ്റിയുടെ കാരണങ്ങൾ ചുവടെ ചേർക്കുന്നു:

- വേണ്ടപ്പെട്ടവരുടെ വേർപാട്.
- മാതാപിതാക്കളുടെ വിവാഹമോചനം.
- പെട്ടെന്നുണ്ടാകുന്ന അനിഷ്ടസംഭവങ്ങൾ.
- മാതാപിതാക്കൾ, വേണ്ടപ്പെട്ടവർ നേരിടുന്ന ഭീഷണികൾ.
- കുടിയേറ്റം.
- വളർച്ചാകാലഘട്ടത്തിലെ സവിശേഷകൾ.
- ജനിതകഘടകങ്ങൾ.
- ലൈംഗികചൂഷണം
- മറ്റു ചില മാനസികരോഗങ്ങൾ.

**സെപ്പറേഷൻ ആങ്സൈറ്റിയെ എങ്ങനെ മറികടക്കാം?**

ഈ പ്രശ്നത്തിൽനിന്നു കുട്ടികളെ രക്ഷിക്കുന്നതിന് താഴെക്കൊടുക്കുന്ന രീതി അവലംബിക്കാം:

- മാതാപിതാക്കൾ കുട്ടികളുടെ ഒരു നിശ്ചിതപ്രായം വരെ അവർക്കൊപ്പമുണ്ടാകുമെന്നുറപ്പുനൽകുക.
- മരണമടഞ്ഞവർ സ്വർഗത്തിൽനിന്ന് അവരെ സംരക്ഷിക്കുമെന്നു ബോധ്യപ്പെടുത്തുക.
- മാതാപിതാക്കൾക്കു തുല്യരായ മറ്റു നല്ല വ്യക്തികളെ അവർക്കു പരിചയപ്പെടുത്തുകയും അവരുമായിക്കൂടി അടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.
- കുട്ടികളെ മാതാപിതാക്കളുടെ സാന്നിധ്യത്തിൽ കൂട്ടുകാരുടെ കൂടെ കളിക്കാൻ പ്രേരിപ്പിക്കുകയും അവർ കളിക്കുന്ന സമയത്ത് മാതാപിതാക്കൾ മാറിനിൽക്കുകയും ചെയ്യുക.
- ഒരു കൗൺസലറുടെ സഹായത്താൽ അവർക്കു ബോധ്യങ്ങളും തെറാപ്പികളും നൽകുക.

മുതിർന്നവരുടെ കാര്യത്തിൽ ഏറ്റവും ഉചിതമായി കാണുന്നത് സൈക്കോതെറാപ്പികൾതന്നെയാണ്. ഒപ്പം വ്യക്തിയുടെ അവസ്ഥ എസ്.എ.ഡി.യിലേക്ക് എത്തിയിട്ടുണ്ടെങ്കിൽ സൈക്യാട്രിസ്റ്റുമായി ആലോചിച്ച് മരുന്നു നൽകുന്നതിനൊപ്പം കൗൺസലിങ്ങും നിർബന്ധമായി നൽകണം. ■

## മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ പ്രാരംഭശില ആശീർവദിച്ചു

പാലാ: കാൻസർചികിത്സാരംഗത്ത് സുപ്രധാന കേന്ദ്രമായി മാറാൻ ലക്ഷ്യമിടുന്ന പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ പ്രാരംഭശിലയുടെ ആശീർവാദകർമം സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ നിർവഹിച്ചു.

ഉന്നതമായ ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊണ്ടു പ്രവർത്തിക്കുന്ന മാർ സ്ലീവാ മെഡിസിറ്റി ചുരുങ്ങിയ കാലത്തിനുള്ളിൽ ജനങ്ങളുടെ മനസ്സിൽ സ്ഥാനംപിടിച്ച ആരോഗ്യപരിപാലന കേന്ദ്രമായി മാറിയെന്നു മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പറഞ്ഞു.

മാർ സ്ലീവാ മെഡിസിറ്റി സ്ഥാപകനും പാലാ രൂപത ബിഷപ്പുമായ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. വിദേശരാജ്യങ്ങളിൽ ലഭ്യമാകുന്ന കാൻസർ ചികിത്സാ സംവിധാനങ്ങൾ നാട്ടിൻപുറത്തെ സാധാരണക്കാർക്കും ലഭ്യമാക്കണമെന്ന ലക്ഷ്യത്തിലാണ് മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്റർ നിർമിക്കുന്നതെന്നു ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു.

വിവിധ നിലകളിലായി നിർമിക്കുന്ന സെന്ററിൽ ഏറ്റവും പുതിയ ചികിത്സാസംവിധാനങ്ങളാണ് ഒരുക്കുക. കാൻസർ ചികിത്സയിൽ വിദേശത്തു ലഭ്യമാകുന്ന അതിനൂതന ചികിത്സാരീതികളും സെന്ററിന്റെ പ്രത്യേകതയായി മാറും. ഒരു വർഷത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കി സമ്പൂർണ കാൻസർ ചികിത്സാകേന്ദ്രമായി മാറാനാണു ലക്ഷ്യമിടുന്നത്. കാൻസർ ആദ്യഘട്ടത്തിൽത്തന്നെ കണ്ടെത്താനുള്ള ആധുനിക യന്ത്രസംവിധാനങ്ങളും ചികിത്സിച്ചു പൂർണമായി മാറ്റാനുള്ള സംവിധാനങ്ങളും സെന്ററിൽ ഉണ്ടാകും.

നിലവിൽ മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ന്യൂക്ലിയർ മെഡിസിൻ എന്നീ വിഭാഗങ്ങളുള്ള ആശുപത്രിയിൽ കീമോതെറാപ്പിയുൾപ്പെടെയുള്ള ചികിത്സകളും വിവിധ കാൻസർ ശസ്ത്രക്രിയകളും നടന്നുവരുന്നുണ്ട്. പുതിയ സെന്ററിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനത്തോടെയുള്ള എല്ലാ ആധുനികസൗകര്യങ്ങളും ഉണ്ടാകും.

മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ ഫാ. ജോസ് കീരഞ്ചിറ എന്നിവർ പ്രസംഗിച്ചു. പാലാ രൂപത ബിഷപ് എമിരറ്റസ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ജോസ് കെ. മാണി എം.പി., മാണി സി. കാപ്പൻ എം.എൽ.എ., രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ.ഡോ. ജോസഫ് തടത്തിൽ, രൂപത സിഞ്ചെല്ലൂസുമാരായ മോൺ. ഡോ. ജോസഫ് മലേപ്പറമ്പിൽ, മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് തുടങ്ങിയവർ സംബന്ധിച്ചു.




*പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ പ്രാരംഭശിലയുടെ ആശീർവാദകർമം സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ നിർവഹിക്കുന്നു.*

“രണ്ടു വർഷത്തിലേറെയായി ഇവളെന്റെ ഭാര്യയാണ്.”

അയാൾ ഞരങ്ങിക്കരയാൻ തുടങ്ങി. മുറിവുകൾ വാർന്നൊലിക്കുകയാണ്.

“നിങ്ങളെന്തിനാ സൂസായിലേക്കു വന്നത്?”

ഹഗായി ചോദിച്ചു.

“ഷബാനിക്കു വലിയ നിർബന്ധം. രാജ്ഞിയെക്കാണണമെന്ന്. അവളെ രാജ്ഞിക്കറിയുമെന്ന്.”

ഷബാനി വേദനയ്ക്കിടയിലും കുമ്പിട്ടിരുന്നു ചിരിച്ചു.

“ആര്, എസ്തേർ രാജ്ഞിയോ?”

ഹഗായി ചോദിച്ച സമയത്ത് പിന്നിൽനിന്നും ഷബാനി കരഞ്ഞു.

അയ്യോ...

ഹഗായിയും അയാളും അറിയാതെ ചോദിച്ചുപോയി.

“എന്താ, എന്തുപറ്റി?”

“എന്റെ കൂട്ടുകാരിയുടെ പേര് ഹദസയെന്നാണ്. അഷൂറിയേ വാ, നമുക്കു തിരിച്ചുപോകാം.”

അവൾ വണ്ടിനിറുത്താൻ തിടുക്കപ്പെട്ടു.

വണ്ടിക്കാരൻ ദേഷ്യപ്പെട്ടു:

“അങ്ങനെ തോന്നുമ്പോൾ കയറാനും ഇറങ്ങാനുമുള്ള വണ്ടിയല്ല ഇത്.

ഞാൻ കൊണ്ടുപോയി നിർത്തും, അവിടെ ഇറങ്ങിയാൽ മതി.”

കുഞ്ഞ് പെട്ടെന്ന് ഞെട്ടിക്കാറിക്കരഞ്ഞു. അമ്മ അതിനെ ആശ്വസിപ്പിക്കുന്നു. കരച്ചിൽ പതുക്കെനിന്നു.

അത് മുലകുടിക്കുകയാണെന്നു തോന്നുന്നു.

അഷൂറിന്റെ ഞരങ്ങലും മൂളലും കേൾക്കാം.

ഒരു വൈദ്യന്റെ വീട്ടുമുറ്റത്താണ് കുതിരവണ്ടി നിറുത്തിയത്. ഹഗായ് അയാളെ വിളിച്ചു. അഷൂറി ബോധമില്ലാതെ കിടക്കുകയാണ്. അതുകണ്ട് ഷബാനി കരഞ്ഞു.

“മിണ്ടാതിരിക്ക്.”

ഹഗായ് ദേഷ്യപ്പെട്ടു.

അയാൾ അഷൂറിയെ തോളിലേറ്റി.

മെല്ലെ വരാന്തയിൽ കിടത്തിയിട്ട് വൈദ്യനെ വിളിച്ചു:

പരിശോധിച്ചപ്പോൾ മുറിവിന്റെ ആഴംകണ്ട് വൈദ്യൻപോലും അമ്പരന്നു.

അപ്പോഴാണ് അയാളുടെ തോളിലെ മുറിവു വ്യക്തമായി കാണുന്നത്. കൈ വേർപെട്ടുപോകാൻ പാകത്തിലുള്ള അത്രയ്ക്കും മാരകമായ ഒരുമുറിവ്. അതിനുപുറമേ പുറത്തും കാലിലും ഒക്കെയും മുറിവുണ്ട്.

വൈദ്യർ പറഞ്ഞു:

“ലേശം ബുദ്ധിമുട്ടാണ്. അത്രയധികം രക്തം വാർന്നുപോയിട്ടുണ്ട്.”

ഏറ്റവും നല്ല ചികിത്സ നല്കാൻ നിർദേശിച്ചശേഷം ഹാഗായ് കുതിരവണ്ടിക്കു സമീപമെത്തി.

“നമുക്കു പോവാം.”

“അഷൂറി?”

ഷബാനി തേങ്ങി.

“ചികിത്സയ്ക്കുവേണ്ടി വൈദ്യന്റെ വീട്ടിൽ കിടത്തിയിരിക്കയാണ്. ഞാൻ കൊട്ടാരത്തിലേക്കാണ്. തൽക്കാലം ദാസികളുടെകൂടെ നിനക്കും അവിടെനില്ക്കാം.”

നിസ്സഹായയായ അവൾ സങ്കടം കടിച്ചമർത്തിയിരുന്നു. വണ്ടി കൊട്ടാരത്തിന്റെ പിന്നാമ്പുറത്തെത്തി.

അവനൊരു ദാസിയെ വിളിച്ച് ഷബാനിയെ ഏല്പിച്ചു.

ദാസിമാർ മറ്റാരും അറിയാതെ കൊട്ടാരത്തിന്റെ വളപ്പിൽ അവരുടെ താമസസ്ഥലത്തു സംരക്ഷിച്ചു.

മൂന്നുനാലുദിവസം കഴിഞ്ഞ് ഷബാനിയെ അന്വേഷിച്ച് ഹഗായി എത്തി. ദാസിമാരുടെ താമസസ്ഥലത്തു സങ്കടപ്പെട്ടിരിക്കുന്ന അവളെക്കണ്ടു. അപ്പോഴും അവളുടെ കൈയിൽ ആ കുഞ്ഞുണ്ട്.

ഹഗായിയെ അവൾ ആകാംക്ഷയോടെ നോക്കി.

അയാൾ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു:

“അഷൂറി മരിച്ചുപോയി.”

അവൾ ഒന്നും മിണ്ടിയില്ല. വിദൂരതയിൽ നോക്കിയിരുന്നു. കൈയിൽനിന്നു കുഞ്ഞ് വഴുതി വീഴുന്നതുപോലുമറിയാതെ.

പെട്ടെന്നോടിയെത്തിയ ഒരു ദാസിയാണ് കുഞ്ഞിനെ വീഴാതെകാത്തത്.

“ജഡം കാണണ്ടേ?”

ആ ചോദ്യത്തിനും അവൾ മറുപടി പറഞ്ഞില്ല. ഹഗായ് ദാസിമാരോട് അവളെ അകത്തേക്കു കൊണ്ടുപോകാൻ ആവശ്യപ്പെട്ടു.

അരമനരഹസ്യം അങ്ങാടിപ്പാട്ടായി.

കുഞ്ഞിന്റെ കരച്ചിലും ദാസിമാരുടെ അടക്കിപ്പിടിച്ച സംസാരവും അവർക്കിടയിൽ താമസിക്കുന്ന യുവതിയെയും കുഞ്ഞിനെയുംകുറിച്ച് പുറത്തറിയാനിടയാക്കി.

എല്ലാം കുഴപ്പമാകുംമുമ്പ് ഹഗായ് പ്രധാനസചിവനെ സമീപിച്ചു.

“അടിയന് ഒരു കാര്യമുണർത്തിക്കാനുണ്ട്.”

മൊർദെക്കായി കാര്യമന്വേഷിച്ചു. എല്ലാക്കാര്യവും അവൻ വിശദീകരിച്ചു.

“യൂദയാസ്ത്രീയാണെന്നു തോന്നുന്നു. പേര് ഷബാനി.”

അയാൾ പറഞ്ഞുനിറുത്തി.

മൊർദെക്കായിയുടെ ഉള്ളിലൊരു കൊള്ളിയാൻമിന്നി. അയാൾ ഹഗായിയോടു നിർദേശിച്ചു:

“ഇന്നു രാത്രിതന്നെ അവരെ താമസസ്ഥലത്ത് എത്തിക്കുക.”

ഹഗായ് സമ്മതിച്ചു.

അയാൾ ഷബാനിയെ ആ രാത്രിയിൽ കുതിരവണ്ടിയിൽ മൊർദെക്കായിയുടെ വീട്ടിലെത്തിച്ചു. നേരത്തേ ഹാമാൻ താമസിച്ചിരുന്ന മാളിക രൂപമാറ്റംവരുത്തി അവിടെയാണ് മൊർദെക്കായിയും കുടുംബവും ഇപ്പോൾ താമസിക്കുന്നത്.

കൃതിരവണ്ടിയിൽനിന്ന് ഹാഗാൻ അവളെയും കുഞ്ഞിനെയും ഇറക്കി. അവൾ എമ്പാടും അമ്പരന്നുനോക്കി. ഇതേതു സ്ഥലമാണ്!

മൊർദെക്കായുടെ അടിമകൾ ഓടിയെത്തി.

ആരോ ഒരാൾ വിവരം അകത്തുചെന്നറിയിച്ചു.

ഹന്നയാണ് ഇറങ്ങിവന്നത്.

ഹഗായ് അമ്മയെയും കുഞ്ഞിനെയും മുന്നിലേക്കു നീക്കിനിറുത്തിയിട്ട് അറിയിച്ചു.

“ഇങ്ങോട്ടെത്തിക്കാൻ യജമാനൻ പറഞ്ഞു.”

“ആരാ?”

നോവൽ 20

# ചക്രവർത്തിനി

പാപ്പച്ചൻ കടമക്കുടി

ഹന്നയുടെ പതിഞ്ഞ ചോദ്യം.


ഹന്നയുടെ ശബ്ദം വേഗത്തിൽ തിരിച്ചറിഞ്ഞ ഷബാനി കണ്ണുകൾ വിടർത്തിനോക്കി.

“ഞാനാ അമ്മേ... ഷബാനി.”

“മോളേ...!”

“നീയെവിടെയായിരുന്നു ഇതുവരെ? നിന്നെ ഞങ്ങൾ അന്നെവിടെയെല്ലാം തിരക്കിയെന്നോ?”

എല്ലാം ഒറ്റയടിക്ക് പറഞ്ഞും കരഞ്ഞുംകൊണ്ട് ഹന്ന അവളെ തന്നോടുചേർത്തു. അവളുടെ കുഞ്ഞിനെ കോരിയെടുത്തു.



“വാ മോളേ...”

അവളെ ഹന്ന അകത്തേക്കു കൂട്ടി.

മഴനനഞ്ഞ പൂവുപോലെ സങ്കടങ്ങൾക്കിടയിലും അവൾ ചിരിച്ചു.

ഹദസയെപ്പോലെ ഷബാനിയും ഹന്നയെ അമ്മയെന്നും മൊർദെക്കായിയെ അബ്ബയെന്നുമാണ് വിളിച്ചിരുന്നത്. അവർ എല്ലാ കാര്യങ്ങളും നിമിഷനേരത്തിനുള്ളിൽ പരസ്പരം കൈമാറി.

അപ്പോഴാണ് മൊർദെക്കായി കടന്നുവന്നത്.

“നിങ്ങള് കണ്ടില്ലേ, നമ്മുടെ ഷബാനിമോള്.”

ഹന്ന പരിചയപ്പെടുത്തി.

മലവെള്ളംപോലെ പാഞ്ഞുവന്ന് അവൾ മൊർദെക്കായിയുടെ നെഞ്ചോടുചേർന്നു.

തുലാമഴപോലെ പെയ്തു.

മൊർദെക്കായി അവളെ ആശ്വസിപ്പിച്ചു.

“കഴിഞ്ഞതൊക്കെ കഴിഞ്ഞു. ഇനി മോള് കരയണ്ട...”

“ഹദസ എവിടെയാണബ്ബാ?”

ഷബാനി കൂട്ടുകാരിയെ അന്വേഷിച്ചു.

“അതൊക്കെ പറയാം മോളേ. നീയിപ്പോൾ വിശ്രമിക്ക്. ക്ഷീണം മാറട്ടെ.”

ഹന്ന അവളെയും കുഞ്ഞിനെയും അകമുറിയിലേക്കു കൊണ്ടുപോയി.

മൊർദെക്കായി മുകളിലേക്കു നോക്കി സർവശക്തനോടു നന്ദി പറഞ്ഞു.

കുതിരവണ്ടിയിലിരുന്ന് അന്നിവർ പറഞ്ഞത് സത്യമാണല്ലോ എന്ന് ഹഗായ് ഓർമിച്ചെടുത്തു.

ഇക്കാര്യം എസ്തേർമഹാരാജ്ഞിയെ താൻതന്നെ ആദ്യമറിയിക്കും. അവൻ നിശ്ചയിച്ചു.

അതിരാവിലെ മൊർദെക്കായിയും വീട്ടുകാരും ഉണർന്നത് രാജ്ഞിയെ കണികണ്ടാണ്. പല്ലക്കിൽനിന്നു ചാടിയിറങ്ങിയ രാജ്ഞി തോഴിമാരോടൊപ്പം അകത്തേക്ക് ഓടിക്കയറി.

“ഷബാനീ... ഷബാനീ...!”

അവൾ നീട്ടിവിളിച്ച് മുറികളിലൂടെ ഓടിനടന്നു. പരിചാരകരും മറ്റും ഭയന്നുമാറി.

അകത്തെ മുറിയിൽനിന്നു ക്ഷീണിച്ചുമെല്ലിച്ചൊരു യുവതി ഓടിയെത്തി.

രണ്ടുപേരും പരസ്പരം അല്പനേരം നോക്കിനിന്നു. പിന്നെ ഗാഢമായി കെട്ടിപ്പിടിച്ചു.

“നീ എവിടെയായിരുന്നെടീ പെണ്ണേ?”

രാജ്ഞി ചോദിച്ചു.

മൊർദെക്കായിയും ഹന്നയും എഴുന്നേറ്റുവന്നു.

“നീയെന്തിനാണ് എസ്തേർ ഇങ്ങോട്ടു വന്നത്?”

“എസ്തേറോ?”

ഷബാനി സംശയിച്ചു.

“അതേടി. ഹദസയും എസ്തേറുമൊക്കെ ഞാൻതന്നെ.”

രാജ്ഞി ചിരിച്ചു.

ഞാനിവളെ കെട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടുപോവുയാണ് അബ്ബാ. ഇവളെന്റെ കൂട്ടുകാരിയാണ്. ഇനിമുതൽ എന്റെ പ്രധാനതോഴിയാണ്.

“അതുവേണ്ട. ഷബാനി ഇവിടെ നിന്നോട്ടെ.”

മൊർദെക്കായി തടസ്സമുന്നയിച്ചു.

“ഇവിടെ നിന്നാൽ ശരിയാവില്ല, ഞങ്ങൾക്ക് എത്രകാലത്തെ വിശേഷങ്ങൾ പങ്കിടാനുള്ളതാണ്.”

എസ്തേർ ഷബാനിയെ ചേർത്തുനിറുത്തി.

“വേണ്ടാ... ഹദസേ അബ്ബ പറഞ്ഞതാ ശരി.”

ഷബാനി സ്നേഹപൂർവം തടഞ്ഞെങ്കിലും എസ്തേർ അതംഗീകരിച്ചില്ല.

“മോളേ, നീയാ കുഞ്ഞിന്റെ കാര്യമോർക്ക്.”

ഹന്ന ഇടപെട്ടു.

“കുഞ്ഞിനെന്താ കുഴപ്പം? എന്റെ ഷബാനിയുടെ കുഞ്ഞല്ലേ?”

എസ്തേർ എതിർത്തു.

“ഇവളെപ്പോലെ കുഞ്ഞും കൊട്ടാരത്തിൽത്തന്നെ വളരും.”

“അതല്ല മോളേ. മുലകുടിപ്രായം കഴിഞ്ഞിട്ടില്ല. അവിടെ ആരാ അതിനെ നോക്കാനുള്ളത്?”

ഹന്ന ബുദ്ധിമുട്ടുകൾ നിരത്തി.

“അതൊന്നും സാരമില്ലമ്മേ.”

എസ്തേർ അമ്മയുടെ തടസ്സവാദങ്ങളെ സൗമ്യമായി മുറിച്ചുകളഞ്ഞു.

പിന്നെ തിരിഞ്ഞുനിന്ന് ഹഗായിയോടു കല്പിച്ചു:

“കുട്ടിയെ നോക്കാനും മുലകുടിപ്പിക്കാനുമായി സ്ത്രീകളെ വേഗത്തിൽ ഏർപ്പാടാക്കണം.”

അവൻ രാജ്ഞിയെ അനുസരണയോടെ വണങ്ങി.

തോഴിമാർ ഷബാനിയെ കൊട്ടാരത്തിൽനിന്നു കൊണ്ടുവന്നിരുന്ന വസ്ത്രങ്ങൾ അണിയിച്ചു. കുഞ്ഞിനെ തോഴിമാരെ ഏല്പിച്ചു.

വളരെവേഗത്തിൽ എസ്തേർ ഷബാനിയോടും കുഞ്ഞിനോടുമൊപ്പം കൊട്ടാരത്തിലേക്കു മടങ്ങി.

(തുടരും)

# മാർ ജോസഫ് പവ്വത്തിലിന്റെ വിദ്യാഭ്യാസദർശനവും സാമൂഹിക ഇടപെടലുകളും

(2-ാം പേജ് തുടർച്ച)

2001 ൽ അധികാരമേറ്റ ഗവൺമെന്റ് സംസ്ഥാനത്തു സ്വാശ്രയവിദ്യാഭ്യാസസ്ഥാപനങ്ങൾ അനുവദിക്കാൻ തീരുമാനിച്ചു. പ്രഫഷണൽവിദ്യാഭ്യാസമേഖലയിലായിരുന്നു ഭൂരിപക്ഷം സ്ഥാപനങ്ങളും. അവയുടെ നടത്തിപ്പിനു ഗവൺമെന്റ് വിചിത്രമായ ഒരു ഫോർമുല അവതരിപ്പിച്ചു - 50:50. പകുതി സീറ്റ് മാനേജുമെന്റിനും പകുതി ഗവൺമെന്റിനും. സർക്കാർ സീറ്റുകളിൽ ഗവൺമെന്റുസ്ഥാപനങ്ങളിൽ നിലവിലുള്ള ഫീസേ പാടുള്ളൂ. അതുവഴിയുണ്ടാകുന്ന നഷ്ടം മാനേജുമെന്റുസീറ്റിൽ അധിക ഫീസ് ഈടാക്കി പരിഹരിച്ചുകൊള്ളണം. ചൂഷണത്തിന്റെ ഈ പുതിയ രൂപം അംഗീകരിക്കാൻ ക്രൈസ്തവമാനേജുമെന്റുകൾ തയ്യാറായില്ല. സർക്കാരാകട്ടെ, മാനേജുമെന്റുകളുടെ എതിർപ്പ് അവഗണിച്ചുകൊണ്ട് 2004 ലെ സ്വാശ്രയവിദ്യാഭ്യാസനിയമം നിയമസഭയിൽ അവതരിപ്പിച്ചു പാസാക്കുകയും ചെയ്തു. മാനേജുമെന്റുകൾക്കു നിയമപോരാട്ടമേ നിർവാഹമുണ്ടായിരുന്നുള്ളൂ.

വികലമായ സ്വാശ്രയനിയമത്തിനെതിരേ ലേഖനങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും ശക്തമായി പ്രതികരിച്ച പവ്വത്തിൽപിതാവിനു സമരത്തിന്റെ നേതൃത്വം ഏറ്റെടുക്കേണ്ടിവന്നു. പുതിയ നിയമം ഭരണഘടനാവിരുദ്ധംമാത്രമല്ല, സാമൂഹികനീതി തകിടം മറിക്കുന്നതുകൂടിയാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ന്യൂനപക്ഷാവകാശങ്ങളുടെ നഗ്നമായ ലംഘനവും പുതിയനിയമത്തിലുണ്ടെന്ന് അദ്ദേഹം ആരോപിച്ചു. സ്വാശ്രയനിയമം ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ദയനീയമായി പരാജയപ്പെട്ടു.

ഇതിനിടയിൽ തിരഞ്ഞെടുപ്പുവരികയും ഇടതുപക്ഷഗവൺമെന്റ് അധികാരത്തിലെത്തുകയും ചെയ്തു. പുതിയ ഗവൺമെന്റ് വൈരനിര്യാതനബുദ്ധിയോടെയാണു 2006 ലെ സ്വാശ്രവിദ്യാഭ്യാസനിയമം അവതരിപ്പിച്ചു പാസാക്കിയത്. 2004 ലെ ബില്ലിലുണ്ടായിരുന്നതിനെക്കാൾ മാനേജുമെന്റുകൾക്കു ഹാനികരമായ വകുപ്പുകളാണ് പുതിയ നിയമത്തിലുണ്ടായിരുന്നത്.

പുതിയ സാഹചര്യത്തിൽ, ക്രൈസ്തവമാനേജുമെന്റുകളുടെ ഒരു സമ്പൂർണസംവിധാനത്തിനു പവ്വത്തിൽപിതാവ് രൂപം നല്കി; ഇന്റർചർച്ച് കൗൺസിൽ. നിയമപോരാട്ടത്തിന്റെ നേതൃത്വം കൗൺസിലിന്റെ അധ്യക്ഷനായ പിതാവിന്റെ ചുമലിലായി. അദ്ദേഹം ഒട്ടും ശങ്കിച്ചുനിന്നില്ല. ന്യൂനപക്ഷാവകാശങ്ങൾ ലംഘിക്കുന്നതും സാമൂഹികനീതി നിഷേധിക്കുന്നതുമായ പുതിയ നിയമത്തിനെതിരേ കൗൺസിൽ ശക്തമായി രംഗത്തുവന്നു. അത്തരത്തിലുള്ള വകുപ്പുകളെല്ലാം റദ്ദുചെയ്തുകൊണ്ടുള്ള വിധിയാണു ഹൈക്കോടതിയിൽനിന്നുണ്ടായത്. തുടർന്നു സുപ്രീംകോടതിയും അതു ശരിവച്ചു.

കേരളത്തിലെ വിദ്യാഭ്യാസപ്രക്ഷോഭങ്ങളുടെ തുടർക്കഥ ഇങ്ങനെ പറഞ്ഞുവച്ചത്, മാർ ജോസഫ് പവ്വത്തിലിന്റെ സാമൂഹിക ഇടപെടലുകളുടെ പ്രത്യക്ഷനിദർശനമായി അവയെ കാണണം എന്നു സൂചിപ്പിക്കാനാണ്. എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും തന്റെ ആശയങ്ങൾ അവതരിപ്പിക്കുകമാത്രമല്ല, അവ നേടിയെടുക്കാൻവേണ്ടി ജനകീയപ്രക്ഷോഭത്തിന്റെ പാത തിരഞ്ഞെടുക്കാൻവരെ അദ്ദേഹം സന്നദ്ധനായിരുന്നു. ഇതൊക്കെ ഒരു ആധ്യത്മികാചാര്യൻ ചെയ്യേണ്ട കാര്യങ്ങളാണോ എന്നാരെങ്കിലും ചോദിച്ചാൽ വിശ്വാസികളുടെ ആത്മീയവും ഭൗതികവുമായ ജീവിതത്തിന്റെ ക്ഷേമം ഉറപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെന്ത് ആചാര്യത്വം എന്നായിരിക്കും അദ്ദേഹത്തിന്റെ മറുചോദ്യം.

നീതി ജലംപോലെ ഒഴുകട്ടെ എന്ന സങ്കീർത്തകന്റെ ആഹ്വാനം മാർ ജോസഫ് പവ്വത്തിലിന്റെ കർമമണ്ഡലത്തിൽ വിളക്കും വെളിച്ചവുമായിരുന്നു. സാമൂഹികനീതിയെപ്പറ്റിയുള്ള ബൈബിൾദർശനമാണ് അദ്ദേഹത്തിന്റെ സാമൂഹികവീക്ഷണം രൂപപ്പെടുത്തിയത്.

എല്ലാവർക്കും അർഹമായതു ലഭിക്കുക, പൊതുനന്മ ഭദ്രമാക്കുക, മനുഷ്യമാഹാത്മ്യത്തിലൂന്നിയ വ്യവസ്ഥിതി രൂപീകരിക്കുക - ഇവയെല്ലാം ഉൾക്കൊള്ളുന്ന ഒരു സങ്കല്പമാണ് സാമൂഹികനീതിയെന്നു മാർ ജോസഫ് പവ്വത്തിൽ നിർവചിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ സാമൂഹിക ഇടപെടലുകൾക്കു മുഴുവൻ ആധാരമായിരുന്നത് ഈ വീക്ഷണമാണ്. ഭിന്നശേഷിക്കാർക്കും രോഗികൾക്കുംവേണ്ടിയുള്ള പുനരധിവാസകേന്ദ്രങ്ങൾ, ആതുരശുശ്രൂഷാസ്ഥാപനങ്ങൾ, ഭവനരഹിതർക്കുവേണ്ടിയുള്ള ഭവനനിർമാണം, കലാകാരന്മാർക്കും സാംസ്കാരികപ്രവർത്തകർക്കുമുള്ള പ്രോത്സാഹനം തുടങ്ങി സമകാലികരാഷ്ട്രീയകാര്യങ്ങളിലുള്ള ആശയപരമായ ഇടപെടലുകൾവരെ അദ്ദേഹത്തിന്റെ സാമൂഹികവീക്ഷണത്തിന്റെ ഭാഗമായിരുന്നു.

ഏതു വിഷയം ചർച്ച ചെയ്യുമ്പോഴും മാർ ജോസഫ് പവ്വത്തിൽ സമകാലികരാഷ്ട്രീയത്തെയും രാഷ്ട്രീയാധികാരികളെയും ഒഴിവാക്കുമായിരുന്നില്ല. സാമൂഹികനീതിയെക്കുറിച്ചുള്ള വിശകലനത്തിനിടയിൽ അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: "മാർക്സിസ്റ്റുനിഘണ്ടുവിൽ സാമൂഹികനീതി എന്ന പദത്തിനു സ്ഥാനമുണ്ടായിരുന്നതായി കേട്ടിട്ടില്ല. അവിടെ വർഗസമരം, തൊഴിലാളിവർഗസർവാധിപത്യം, വർഗരഹിതസമൂഹം തുടങ്ങിയ പദങ്ങൾ സുലഭമാണ്."

ഈ വിമർശനത്തിനുശേഷം അദ്ദേഹം സ്വന്തം നിലപാട് ഇങ്ങനെ പ്രഖ്യാപിക്കുന്നു. "സാമൂഹികനീതിയെക്കുറിച്ചുള്ള ചർച്ചകൾ ആരംഭിച്ചതുതന്നെ ക്രൈസ്തവപശ്ചാത്തലത്തിലാണ്. അതു സങ്കീർണമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന കാര്യവുമാണ്."

ദളിത്ക്രൈസ്തവർക്കുവേണ്ടിയുള്ള പവ്വത്തിൽപിതാവിന്റെ ഇടപെടലുകൾ ഏറെ ശ്രദ്ധേയമാണ്. ഹരിജൻ കത്തോലിക്കാ മഹാജനസഭ (എച്ച്.സി.എം.എസ്.) യെ ദളിത് കത്തോലിക്കാമഹാജനസഭ (ഡി.സി.എം.എസ്.) എന്നു പുനർനാമകരണം ചെയ്തു. യുവജനസംഘടനയ്ക്ക് ദളിത് കാത്തലിക് യൂത്ത് ലീഗ് (ഡി.സി.വൈ.എൽ.) എന്നും വനിതാവിഭാഗത്തിന് ദളിത് കാത്തലിക് വനിതാസംഘം (ഡി.സി.വി.എസ്.) എന്നും പേരുകൾ നൽകി. ദളിത് ക്ഷേമപ്രവർത്തനങ്ങൾക്ക് അതിരൂപതാതലത്തിൽ അന്ന് 25 ലക്ഷം രൂപയുടെ ഫണ്ടു സമാഹരിച്ചു.

ദളിത്കത്തോലിക്കർക്കു പാസ്റ്ററൽ കൗൺസിലിൽ പ്രാതിനിധ്യം നല്കി. ഇടവകയോഗങ്ങളിൽ അവരുടെ സാന്നിധ്യം ഉറപ്പാക്കണമെന്നു വികാരിമാർക്കു പ്രത്യേക നിർദേശവും നല്കി.

തൊഴിൽമേഖലയിൽ ദളിതർക്കു 10 ശതമാനം സംവരണം ഏർപ്പെടുത്തി. ടി.ടി.ഐ., നഴ്സിംഗ് കോഴ്സുകളിലും കോളജുകളിലും നിശ്ചിതശതമാനം സീറ്റ് നീക്കിവച്ചു. അധ്യാപക, അനധ്യാപകനിയമനങ്ങളിലും അവർക്കു പ്രത്യേക പരിഗണന നല്കി.

1994 ൽ സിബിസിഐ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങൾ ദേശീയശ്രദ്ധയിൽ കൊണ്ടുവരാൻ തീവ്രശ്രമം നടത്തി. 1995 ൽ ക്രൈസ്തവ എം.പി.മാരുമായി ദളിത് ക്രൈസ്തവപ്രശ്നം ചർച്ച ചെയ്തു. തുടർന്ന്, കേരളത്തിൽനിന്നുള്ള എം.പി.മാർ വിഷയം പാർലമെന്റിൽ അവതരിപ്പിച്ചു. 350 എം.പി.മാർ ഒപ്പിട്ട ഒരു നിവേദനം കേന്ദ്രഗവൺമെന്റിനു സമർപ്പിക്കുകയും ചെയ്തു. അതിനുപിന്നാലെ മാർ പവ്വത്തിൽ നേരിട്ടു പ്രധാനമന്ത്രിയുമായി വിഷയം ചർച്ച ചെയ്തു.

ഇതിന്റെയെല്ലാം ഫലമായി, ദളിത് ക്രൈസ്തവർക്കു സംവരണം അനുവദിക്കുന്ന ബില്ല് പാർലമെന്റിൽ അവതരിപ്പിക്കാൻ അന്നത്തെ പ്രധാനമന്ത്രി പി.വി. നരസിംഹറാവു തയ്യാറായി. പ്രതിപക്ഷത്തിന്റെ എതിർപ്പുമൂലം അതു നടന്നില്ല.

ദളിത്ക്രൈസ്തവരെന്ന വേർതിരിവ് സഭയ്ക്കുള്ളിൽ ഉണ്ടാവരുതെന്നു മാർ പവ്വത്തിൽ ആഗ്രഹിച്ചു. അവരെയും മുഖ്യധാരയിലേക്കു കൊണ്ടുവരണം എന്നതായിരുന്നു അദ്ദേഹത്തിന്റെ താത്പര്യം. ആ വഴിക്ക് അദ്ദേഹം ഒട്ടേറെ മുമ്പോട്ടു പോയി.

സുവിശേഷത്തിൽനിന്നാണു മാർ ജോസഫ് പവ്വത്തിൽ തന്റെ ദർശനവും കർമപദ്ധതിയും രൂപപ്പെടുത്തിയത്. അതുകൊണ്ടാണതു സർവജനസാഹോദര്യത്തിലും സാമൂഹികനീതിയിലും അധിഷ്ഠിതമായിരുന്നത്. അനീതി എവിടെ കണ്ടാലും അതിനെതിരേ അദ്ദേഹം പോരാടുമായിരുന്നു. നമ്മുടെ നവോത്ഥാനനായകർ സാമൂഹികനീതിക്കുവേണ്ടിയാണു നിരന്തരം പോരാടിയത്. അങ്ങനെ കൈവന്ന നീതി നിഷേധിക്കപ്പെടുന്നതിനെതിരേ നിരന്തരം പോരാടിയ നവോത്ഥാനാനന്തരകാലനായകനായിരുന്നു മാർ ജോസഫ് പവ്വത്തിൽ. നീതിക്കുവേണ്ടി നിരന്തരം വിശക്കുകയും ദാഹിക്കുകയും ചെയ്ത മഹാനായ മനുഷ്യസ്നേഹി.

■

# പ്രതീക്ഷയുടെ ഇളങ്കാറ്റിൽ റബർവിപണി ഉണരുമ്പോൾ!



(3-ാം പേജ് തുടർച്ച)

2014 ൽ ഇറക്കുമതി ചെയ്തത് നാലരലക്ഷം ടൺ റബറായിരുന്നു. അന്നത് സർവകാല റിക്കാർഡ്. ഇറക്കുമതി റബർ ഗോഡൗണുകളിൽ എത്തിയതോടെ ടയർ വ്യവസായികൾ പ്രാദേശികവിപണിയിൽനിന്നു വിട്ടുനിന്നു. അങ്ങനെ റബർവിപണി വിലയിടിഞ്ഞു. മറ്റു വരുമാനം ഏതെങ്കിലുമുള്ള ചെറുകിടകർഷകർ, ടാപ്പർക്കു കൂലി കൊടുത്തുകഴിഞ്ഞ് മിച്ചമൊന്നുമില്ലെന്നു കണ്ടപ്പോൾ, ടാപ്പിംഗ് നിർത്തി. റബറിനെമാത്രം ആശ്രയിച്ചുകഴിഞ്ഞവർ വൻനഷ്ടം സഹിച്ചു ദുരിതപൂർണമായ ജീവിതം നയിക്കാൻ നിർബന്ധിതരായി.

അങ്ങനെ, മുൻകൊല്ലത്തിൽ ഒൻപതേമുക്കാൽ ലക്ഷം ടൺ ഉത്പാദനം ഉണ്ടായിരുന്നത് 2014-15ൽ ആറരലക്ഷം ടണ്ണായും, 2015 ൽ അഞ്ചരലക്ഷം ടണ്ണായും കുറഞ്ഞു. ഇറക്കുമതി റബറിന്റെ അളവ് അഞ്ചുലക്ഷം ടൺ കവിഞ്ഞു.

ചെറുകിടകർഷകരെ സഹായിക്കാനായി 50 ശതമാനം ചുങ്കം (സംരക്ഷണച്ചുങ്കം) അനുവദിക്കാനുള്ള നമ്മുടെ അപേക്ഷ നിരസിച്ച കേന്ദ്രസർക്കാർ, ടയർ വ്യവസായികളെ സഹായിക്കാനായി, ചൈനയിൽനിന്ന് ഇറക്കുമതി ചെയ്ത ടയറിന്റെ ചുങ്കം ഉയർത്തിക്കൊടുത്തു. കൃത്രിമറബർ ഉത്പാദകരായ വ്യവസായികളെ സഹായിക്കാനായി ജർമനിയിൽനിന്ന് ഇറക്കുമതി ചെയ്ത കൃത്രിമറബറിന്മേൽ കൂടുതൽ ചുങ്കം ചുമത്തി. ചെറുകിടകർഷകരുടെമേൽ മാത്രം കേന്ദ്രത്തിന്റെ ദയാദൃഷ്ടി പതിഞ്ഞില്ല.

*** **** **** ***

കാലം മാറി, കഥ മാറി. ഇപ്പോഴിതാ കേന്ദ്രസർക്കാരിന്റെ സഹായമില്ലാതെ തന്നെ റബർ വില ഉയരുന്നു! റബർ വിപണി ഉണരുന്നു! കൂടുതൽ റബർ ഉത്പാദനം നടക്കുന്ന തായ്‌ലൻഡ്, വിയറ്റ്നാം തുടങ്ങിയ പല രാജ്യങ്ങളിലും റബറിന്റെ ഉത്പാദനം ഇക്കൊല്ലം കുറഞ്ഞുപോയിരിക്കുന്നു. 50 ലക്ഷം ടൺ ഉത്പാദനം ഇക്കൊല്ലം പ്രതീക്ഷിച്ചിരുന്നു, തായ്‌ലൻഡിൽ. പക്ഷേ, ഉത്പാദനം കുറഞ്ഞതോടെ റബർഷീറ്റിന്റെ വില ഉയർന്നു. ചൈനയും ജപ്പാനുമാണു കൂടുതലായി റബർഷീറ്റു വാങ്ങുന്നത്. അവിടെ ഡിമാൻഡ് കുറഞ്ഞിട്ടില്ല. അങ്ങനെ ബാങ്കോക്ക്, ടോക്കിയോ തുടങ്ങിയ വിപണികളിൽ വില ഉയർന്നു. ഗ്രേഡ് ഷീറ്റിന് 220, 230 നിരക്കിലാണിപ്പോൾ വില്പന നടക്കുന്നത്. ഏതായാലും, വരുംദിവസങ്ങളിൽ കേരളത്തിലും റബർവില ഉയരുമെന്നതിൽ സംശയമില്ല. അടുത്ത ഒരു കൊല്ലക്കാലത്തേക്കെങ്കിലും നമ്മുടെ വിപണിയിൽ റബർഷീറ്റിന്റെ വില ഉയർന്ന തലത്തിൽ നിൽക്കുമെന്നുവേണം കരുതാൻ. നമ്മുടെ ചെറുകിട റബർകർഷകർക്ക് കഴിഞ്ഞ 10 കൊല്ലക്കാലം ലഭിക്കാതിരുന്ന ഭാഗ്യം ഇപ്പോൾ കൈവന്നിരിക്കുന്നു. വിപണിവില 200 രൂപയിൽ എത്തുന്നതുവരെ ഷീറ്റു വിൽക്കാതിരിക്കുക. ഒരുപക്ഷേ, ഇവിടെയും വില 230 തലത്തിലേക്കു താമസിയാതെ ഉയർന്നേക്കാം.

ഈ വിലക്കയറ്റം തിരഞ്ഞെടുപ്പുകാലത്ത് കർഷകരുടെ വോട്ടു ലഭിക്കാനായി ബിജെപി സർക്കാർ എന്തെങ്കിലും കർഷകസൗഹൃദനയം മാറ്റം നടത്തിയതുകൊണ്ടാണു സംഭവിച്ചിരിക്കുന്നതെന്നു തെറ്റിദ്ധരിക്കാതിരിക്കുക. അധികാരസ്ഥാനങ്ങളിൽ ഒരു ചലനവും മാറ്റവുമുണ്ടായിട്ടില്ല. നമുക്കു ദൈവത്തിനു മാത്രം നന്ദി പറയാം.

■

# വനിതാക്രിക്കറ്റിലും അത്‌ലറ്റിക്സിലും മലയാളിമുന്നേറ്റം



സനിൽ പി. തോമസ്

വനിതാപ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ രണ്ടാം പതിപ്പിൽ തിളക്കമാർന്ന പ്രകടനവുമായി ആശ ശോഭനയും മിന്നും മണിയും സജന സജീവനും. ട്രാക്ക് ആൻഡ് ഫീൽഡിൽ ഉജ്ജ്വലതിരിച്ചുവരവു നടത്തി 400 മീറ്റർ താരം നോഹ നിർമൽ ടോമും ലോങ് ജംപ് താരം നയന ജയിംസും. ഈയിടെ കായികകേരളം ഏറെ ചർച്ച ചെയ്തത് ഈ അഞ്ചുപേരുകളാണ്.

ക്രിക്കറ്റ്താരങ്ങൾ മൂന്നു പേരും പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ചു കടന്നുവന്നവരാണ്. വനിതാക്രിക്കറ്റിൽ കേരളത്തിനു മേൽവിലാസം ഒരുക്കിയവർ. നോഹ നിർമൽ ടോമും നയന ജയിംസും ഇടക്കാലത്ത് നിറം മങ്ങിയവരായിരുന്നു. പരുക്കും ഫോംനഷ്ടവുമൊക്കെ അതിജീവിച്ച് ഇരുവരും ഇപ്പോൾ മുൻനിരയിലേക്കു മടങ്ങിവന്നിരിക്കുകയാണ്.



ആശ ശോഭന

ചെന്നൈയിൽ വളർന്ന സുധാഷായും സൂസൻ ഇട്ടിച്ചെറിയയും കേരളത്തിൽ വേരുകൾ ഉള്ളവരാണ് എന്നതുമാത്രമാണ് വനിതാ ക്രിക്കറ്റിൽ ഇതുവരെ നമുക്കു പറയാൻ ഉണ്ടായിരുന്നത്. ഇരുവരും 1970 കളിൽ ടെസ്റ്റ് ക്രിക്കറ്റ് കളിച്ചു. സുധ പിന്നീട് ഇന്ത്യൻ കോച്ചുമായി. വയനാട്ടുകാരി മിന്നുമണി കഴിഞ്ഞ വർഷം ഇന്ത്യയുടെ ട്വന്റി 20 ക്രിക്കറ്റ് ടീമിൽ കളിച്ചു. ഹാങ്ചോ ഏഷ്യൻ ഗെയിംസിൽ സ്വർണം നേടിയ ഇന്ത്യൻടീമിലും അംഗമായിരുന്നു.



മിന്നു മണി

വനിതകളുടെ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഈ സീസണിൽ വലിയ ആവേശമാണ് ഉയർത്തിയത്. ഏറെ മാധ്യമശ്രദ്ധയും ലഭിച്ചു. ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സിന്റെ കിരീടനേട്ടത്തിൽ ആശാ ശോഭന പങ്കാളിയായി. തിരുവനന്തപുരം പേരൂർക്കട സ്വദേശി ആശ ശോഭന ഫൈനലിൽ നേടിയ രണ്ടു വിക്കറ്റുൾപ്പെടെ പരമ്പരയിൽ 12 വിക്കറ്റു വീഴ്ത്തി. പ്ലേ ഓഫിൽ അവസാന ഓവർ ബൗൾ ചെയ്യാൻ ലെഗ് സ്പിന്നർ ആശയെയാണ് റോയൽ ചലഞ്ചേഴ്സ് നായിക സ്മൃതി മന്ഥാന ചുമതലപ്പെടുത്തിയത്. മുംബൈ ഇന്ത്യൻസിന് ജയിക്കാൻ 12 വിക്കറ്റു വേണ്ടിയിരിക്കെ ആറു റൺസു മാത്രം വിട്ടുകൊടുത്ത് ഒരു വിക്കറ്റും വീഴ്ത്തി ആശ ബാംഗ്ലൂർ ടീമിനെ ഫൈനലിലെത്തിച്ചു. ലീഗ് റൗണ്ടിൽ ആദ്യമത്സരത്തിൽ യു.പി. ടീമിനെതിരെ 22 റൺസിന് അഞ്ചു വിക്കറ്റ് നേടിക്കൊണ്ടായിരുന്നു ആശയുടെ തുടക്കം തന്നെ. നേരത്തേ അണ്ടർ 19 ഇന്ത്യൻ ടീമിന്റെ ക്യാമ്പിലെത്തിയ ആശ സീനിയർ തലത്തിൽ മികച്ച തുടക്കമാണു കാഴ്ചവച്ചിരിക്കുന്നത്.



നോഹ നിർമൽ ടോം

മിന്നുമണിയാകട്ടെ തുടർച്ചയായ രണ്ടാം തവണയാണ് ഡൽഹി കാപ്പിറ്റൽസ് ടീമിൽ സ്ഥാനം നേടുന്നത്. രണ്ടു തവണയും ടീം ഫൈനൽ കളിക്കുകയും ചെയ്തു. ഫൈനലിൽ എതിർടീം നായിക സ്മൃതി മന്ഥാനയെ പുറത്താക്കിയത് മിന്നുവിന്റെ ഓഫ് സ്പിൻ മികവാണ്. മിന്നുവിനെപ്പോലെ സജന സജീവനും വയനാട് മാനന്തവാടിസ്വദേശിയാണ്. ഇരുവരും കൃഷ്ണഗിരി ക്രിക്കറ്റ് അക്കാദമിയിൽ വളർന്നവർ. നോക്കൗട്ട് ഘട്ടത്തിലെത്തിയ മുംബൈ ഇന്ത്യൻസ് ടീമിൽ അംഗമായിരുന്ന സജനയ്ക്കാണ് പരമ്പരയിലെ മികച്ച കാച്ചിനുള്ള ബഹുമതി കിട്ടിയത്. യു.പി. വോറിയേഴ്സിന്റെ സോഫി എക്ലസ്റ്റനെ പുറത്താക്കിയ ഡൈവിങ് ക്യാച്ചാണ് അംഗീകരിക്കപ്പെട്ടത്.



സജന സജീവൻ

ഓൾ റൗണ്ടറായ സജന ബാറ്റിങ് മികവിലാണ് ഇക്കുറി ശ്രദ്ധിക്കപ്പെട്ടത്. എട്ടാം നമ്പർ ആയി തുടങ്ങി ഓപ്പണറായി മാറിയ ബാറ്റർ. ആദ്യമത്സരത്തിൽ ഡൽഹിടീമിനെതിരെ വിജയിക്കാൻ അവസാനപന്തിൽ മുംബൈയ്ക്ക് അഞ്ചു റൺസ് വേണ്ടിയിരിക്കെ, സജന സിക്സർ അടിച്ചു. ഇവർക്കൊപ്പം പ്രതിഭാശാലികളായ ഏതാനും കൗമാരയുവതാരങ്ങൾ കൂടി കേരളവനിതാക്രിക്കറ്റ് ടീമിൽ ഉണ്ടെന്നതാണു ശ്രദ്ധേയം.

ലോങ് ജംപിൽ കോഴിക്കോട് ചക്കിട്ടപാറ സ്വദേശിനി നയന ജയിംസ് 2017 ൽ ഭുവനേശ്വറിൽ ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ വെങ്കലം നേടിയിരുന്നു. തുടർന്ന് 2018 ൽ ഗോൾഡ് കോസ്റ്റ് കോമൺവെൽത്ത് ഗെയിംസിൽ ഫൈനലിൽ കടന്നു. ജക്കാർത്ത ഏഷ്യൻ ഗെയിംസിലും മത്സരിച്ചു. പക്ഷേ, പിന്നീടു ഫോം നഷ്ടപ്പെട്ടു. ജൂണിയർ താരങ്ങൾ മുന്നിലെത്തുകയും ചെയ്തു. 2023 ൽ ഹാങ്ചോ ഏഷ്യൻ ഗെയിംസിൽ ടീമിൽ സ്ഥാനം കിട്ടിയില്ല.

ഇപ്പോളിതാ, നയന ബംഗളൂരു ദേശീയ ഓപ്പൺ ജംപ്സ് മത്സരത്തിൽ 6.67 മീറ്റർ ചാടി അതിശയകരമായ തിരിച്ചുവരവു നടത്തിയിരിക്കുന്നു. നയനയുടെ ജീവിതത്തിലെ ഏറ്റവും മികച്ച പ്രകടനമായിരുന്നു ഇത്. അതിലുപരി ഇന്ത്യൻ വനിതാതാരങ്ങളുടെ ലോങ് ജംപ് ചരിത്രത്തിലെ മൂന്നാമത്തെ മികച്ച ചാട്ടമായിരുന്നിത്. ദേശീയ റെക്കോർഡ് ഉടമ അഞ്ജു ബോബി ജോർജും (6.83 മീറ്റർ), അഞ്ജുവിന്റെ ശിഷ്യകൂടിയായ ഷൈലി സിങ്ങും (6.76 മീറ്റർ) മാത്രമാണ് നയനയ്ക്കു മുന്നിലുള്ളത്. ജക്കാർത്താ ഏഷ്യൻ ഗെയിംസിൽ വെള്ളി നേടിയ വി. നീനയും ഹാങ്ചോ ഏഷ്യൻ ഗെയിംസിൽ വെള്ളി കരസ്ഥമാക്കിയ ആൻസി സോജനും പിന്നിലാണ്. പാരീസ് ഒളിംപിക്സിനു യോഗ്യത നേടുകയാണ് നയനയുടെ അടുത്ത ലക്ഷ്യം.

നോഹ നിർമൽ ടോം ആകട്ടെ, 2021 ലെ ടോക്കിയോ ഒളിംപിക്സിൽ 4X400 മീറ്റർ ഏഷ്യൻ റെക്കോർഡോടെ ഒൻപതാംസ്ഥാനംനേടിയ ഇന്ത്യൻ ടീമിൽ അംഗമായിരുന്നു. പിന്നീട് ഏതാനും മാസംകൂടി മികവുകാട്ടിയ നോഹയ്ക്കു പരുക്കു വിനയായി. ഇക്കഴിഞ്ഞ സർവീസസ് മീറ്റിലാണു തിരിച്ചുവരവു നടത്തിയത്. തിരുവനന്തപുരത്തു നടന്ന ദേശീയ ഓപ്പൺ 400 മീറ്ററിൽ ഒന്നാംസ്ഥാനവുമായാണ് തിരിച്ചുവരവ് അറിയിച്ചത്. കോഴിക്കോട് പുഴിത്തോട് സ്വദേശി നോഹ 46.40 സെക്കൻഡാണ് തിരുവനന്തപുരത്തു കുറിച്ചത്. സർവീസസ് മീറ്റിൽ 45.99 സെക്കൻഡിന് ഒരു ലാപ്പ് ഓടിയിരുന്നു. ഇനി ഇന്ത്യൻ ടീമിലേക്കു മടങ്ങിയെത്തണം. പാരിസ് ഒളിംപിക്സ് റിലേ ടീം തന്നെയാണു നോഹയുടെയും ലക്ഷ്യം.

മികച്ച തുടക്കം കുറിച്ചവർക്കും ഫോം വീണ്ടെടുത്തവർക്കും 2024 പ്രധാനപ്പെട്ടത്. അത്‌ലറ്റുകൾക്കു മുമ്പിൽ പാരിസ് ഒളിംപിക്സ്. ക്രിക്കറ്റ് താരങ്ങൾക്ക് പ്രീമിയർ ലീഗ് ഒരു വർഷം അകലെയാണ്.പക്ഷേ, മിന്നുമണിക്ക് ഇന്ത്യൻ ടീമിൽ സ്ഥാനമുറപ്പിക്കാനും സജനയ്ക്കും ആശയ്ക്കും സ്ഥാനം കണ്ടെത്താനും അവസരങ്ങളുണ്ട്. കായികകേരളത്തിന് ഒരു പുത്തനുണർവു പ്രദാനം ചെയ്യാൻ ഇവർക്കൊക്കെ സാധിച്ചു എന്ന കാര്യത്തിൽ സംശയമില്ല.



നയന ജയിംസ്

Deepanalam Weekly

RNI No : 16998/68
Vol. 57 No. 5 Date of Publication 4 April 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

## സേക്രഡ് ഹാർട്ട് പ്രൊവിൻസ്, പാലാ

### കുഞ്ഞനുജത്തിമാർക്കു സ്വാഗതം



ഈശോയുടെ തിരുഹൃദയത്തിലൂടെ വെളിപ്പെടുത്തപ്പെട്ട പിതാവായ ദൈവത്തിന്റെ കരുണാർദ്രസ്നേഹം ആഴമായി അനുഭവിച്ച്, ഈശോയുടെ തിരുഹൃദയ സമ്പത്ത് സ്വായത്തമാക്കി, അഗതികളും ആലംബഹീനരുമായ സാധുസഹോദരങ്ങൾക്ക് ഉദാരമായി വിതരണം ചെയ്യുന്നതിനായി ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചനാൽ 1911 ൽ കേരളത്തിൽ സ്ഥാപിതമായതാണ് തിരുഹൃദയ സന്ന്യാസിനീസമൂഹം!

ഇന്നു കേരളത്തിലും കേരളത്തിനു വെളിയിലും വിദേശത്തുമായി തിരുഹൃദയസന്ന്യാസിനികൾ കുടുംബപ്രേഷിതത്വം, ഇടവകസേവനം, ജീവകാരുണ്യപ്രവർത്തനങ്ങൾ, രോഗീപരിചരണം, അനാഥസംരക്ഷണം, സുവിശേഷപ്രഘോഷണം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

ഈ സന്ന്യാസിനീസമൂഹത്തിൽ ചേരാൻ ആഗ്രഹിക്കുന്ന എസ്.എസ്.എൽ.സിയോ പ്ലസ് ടുവോ ഉന്നതവിദ്യാഭ്യാസയോഗ്യതകളോ ഉള്ള കുഞ്ഞനുജത്തിമാർക്കു സ്വാഗതം.

**Vocation Promoter**
**S.H. Provincial House**
**PALA- 686 575 PH: 9449636975**





## നിന്റെ കരം എന്നും മുറുകെപ്പിടിക്കുന്ന ഈശോ നിന്നെ വിളിക്കുന്നു





### കർമ്മലമാതാവിന്റെ സന്ന്യാസിനീസമൂഹത്തിലേക്ക്

### CMC യിലേക്കു സ്വാഗതം





- വി. ചാവറയച്ചനാൽ 1866 ൽ സ്ഥാപിതം
- വി. എവുപ്രാസ്യാമ്മയെയും ദൈവദാസി മേരി സെലിനാമ്മയെയും ലോകത്തിനു സമ്മാനിച്ച സന്ന്യാസസമൂഹം.
- കേരളത്തിലെ ആദ്യത്തെ സന്ന്യാസിനീസമൂഹം.









**പ്രേഷിതമേഖലകൾ**

• വിദ്യാഭ്യാസം • ആതുരസേവനം • കുടുംബം • ഇടവക • സാമൂഹിക സേവനം • അഗതിസംരക്ഷണം • വചനപ്രഘോഷണം • മാധ്യമരംഗം • സ്ത്രീശക്തീകരണം

എസ്.എസ്.എൽ.സി./+2 /ഉപരിവിദ്യാഭ്യാസയോഗ്യതയുള്ള കൊച്ചുസഹോദരിമാർക്ക്
**സി.എം.സി.യിലേക്കു സ്വാഗതം!**

**Vocation Promoter, Carmelite Provincial House**
**St. Thomas Press Road, PALA**
**Ph: 8547715192**

## അഗതികളുടെ സഹോദരിമാർ

### (SISTERS OF THE DESTITUTE)

### നിങ്ങളെ ക്ഷണിക്കുന്നു



ധന്യൻ
വർഗ്ഗീസ് പയ്യപ്പിള്ളിയച്ചൻ
(സ്ഥാപകൻ)
(1876 - 1929)

അവൾ യേശുവിന്റെ കരുണാർദ്രമായ സ്നേഹത്തിന്റെ നീർച്ചാലാവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

സ്നേഹം നിഷേധിക്കപ്പെട്ട അഗതികളിലേക്ക് • ആരോരുമില്ലാത്ത തെരുവുകുഞ്ഞുങ്ങളിലേക്ക് • ചേരികളിൽ ഇരുളിലലയുന്നവരിലേക്ക് • ജ്ഞാനവെളിച്ചം തേടുന്നവരിലേക്ക് • പരിത്യജിക്കപ്പെട്ട മനോരോഗികളിലേക്ക് • ഉപേക്ഷിക്കപ്പെട്ട എയ്ഡ്സ്- ക്യാൻസർ രോഗികളിലേക്ക്...

രക്ഷകന്റെ കരങ്ങളായി, കാതുകളായി, ഹൃദയമായി, സ്നേഹമായി, ശുശ്രൂഷയായി എസ്.ഡി. വിനീതയായി ഒഴുകിയിറങ്ങുന്നു. കേരളത്തിലും ഭാരതത്തിലും വിദേശരാജ്യങ്ങളിലും എസ്.ഡി. ശുശ്രൂഷ ചെയ്യുന്നു. എസ്.എസ്.എൽ.സി.യോ പ്ലസ്ടുവോ അതിലുപരിയോ വിദ്യാഭ്യാസയോഗ്യതയുള്ള കുഞ്ഞനുജത്തിമാർക്കു സ്വാഗതം.

**കൂടുതൽ വിവരങ്ങൾക്കു ബന്ധപ്പെടുക**

| | |
|---|---|
| വൊക്കേഷൻ പ്രമോട്ടർ<br>എസ്.ഡി. കോൺവെന്റ്<br>സെന്റ് ജോസഫ്സ് പ്രൊവിൻഷ്യലേറ്റ്<br>ചെത്തിപ്പുഴ, കുരിശുംമൂട് - പി. ഒ.<br>ചങ്ങനാശ്ശേരി<br>Ph: 04812-726993, 721808 | വൊക്കേഷൻ പ്രമോട്ടർ<br>സെന്റ് വിൻസന്റ്<br>പ്രോവിഡൻസ് ഹൗസ്<br>എസ്.ഡി. കോൺവെന്റ്<br>പാലാ 686 575<br>Ph: 04822-213055 |

## SABS സന്ന്യാസിനീസമൂഹത്തിലേക്കു സ്വാഗതം

### വിശുദ്ധ കുർബാനയിലെ ഈശോ നിങ്ങളെ വിളിക്കുന്നു



ചങ്ങനാശേരി അതിരൂപതയുടെ പ്രഥമ തദ്ദേശീയമെത്രാനായ ധന്യൻ മാർ തോമസ് കുര്യാളശേരിപ്പിതാവിന്റെയും ദൈവദാസി ബഹു. ഷന്താളമ്മയുടെയും അത്യഗാധമായ ദിവ്യകാരുണ്യഭക്തിയിൽനിന്നു രൂപംകൊണ്ടതാണ് (1908)വിശുദ്ധ കുർബാനയുടെ ആരാധനാസന്ന്യാസിനീസമൂഹം (SABS).



ധന്യൻ
മാർ തോമസ് കുര്യാളശ്ശേരി
(സ്ഥാപകൻ)
1873 - 1925

ലോകാവസാനംവരെ നമ്മോടൊപ്പമായിരിക്കാൻവേണ്ടി വിശുദ്ധ കുർബാനയായിത്തീർന്ന ഈശോ, എല്ലാവരാലും അറിയപ്പെടാനും ആരാധിക്കപ്പെടാനും സ്നേഹിക്കപ്പെടാനും ലോകപാപങ്ങൾക്കു പരിഹാരം ചെയ്യാനും ഈ സമൂഹത്തിലെ അംഗങ്ങൾ തീവ്രമായി ആഗ്രഹിക്കുന്നു, പരിശ്രമിക്കുന്നു. അതിനായി രാവും പകലുമുള്ള വിശുദ്ധ കുർബാനയുടെ ആരാധന, കുടുംബപ്രേഷിതത്വം, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, ജീവകാരുണ്യപ്രവർത്തനങ്ങൾ, വചനപ്രഘോഷണം തുടങ്ങിയ മാർഗങ്ങളിലൂടെ ദേശത്തും വിദേശത്തുമായി നമ്മുടെ സിസ്റ്റേഴ്സ് ദിവ്യകാരുണ്യ ഈശോയ്ക്കു സാക്ഷ്യംവഹിക്കുന്നു.



ദൈവദാസി
ബഹു. ഷന്താളമ്മ
(സഹസ്ഥാപിക)
1880 - 1972

ഈ സന്ന്യാസിനീസമൂഹത്തിൽ ചേർന്ന്, ഈശോയുടെ രക്ഷാകരവേലയിൽ പങ്കുചേരാൻ ആഗ്രഹിക്കുന്ന എസ്.എസ്.എൽ.സി./+2/ഉപരിവിദ്യാഭ്യാസയോഗ്യതയുള്ള യുവതികളെ സ്നേഹപൂർവം ക്ഷണിക്കുന്നു.

**Vocation Promoter**
**SABS Provincial House**
**Christ Hall, Pala, Ph : 04822-215257, 9495834381**

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org